www.malankaralibrary.com

# ക്രൈസ്തവ കാഹളം

ഫെബ്രുവരി–മാർച്ച് 2025



## നുറുങ്ങിയ ഹൃദയം ദൈവം നിരസിക്കുന്നില്ല

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com



മാർച്ച് 25

**പരിശുദ്ധ ദൈവമാതാവിന്റെ വചനിപ്പു തിരുനാൾ**

പരിശുദ്ധ ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

www.malankaralibrary.com

ക്രൈസ്തവ കാഹളം

ഫെബ്രുവരി-മാർച്ച് 2025 വാല്യം 86 ലക്കം 2




# ഉള്ളടക്കം

| | |
|---|---|
| എഡിറ്റോറിയൽ | 5 |
| പിതൃമൊഴി | 7 |
| ആത്മീയ ഭൂഷണങ്ങളാൽ ശ്രേഷ്ഠമാകുന്ന നോമ്പുകാലം | 9 |
| വലിയ നോമ്പിന്റെ ആത്മീയത | 15 |
| ജറുസലേമിലെ വി. സിറിൾ | 19 |
| ആശാ വർക്കർമാർ മാറിനിൽക്കൂ, പിഎസ്സി അംഗങ്ങളുടെ പട്ടിണി ആദ്യം മാറ്റട്ടെ | 30 |
| സുരക്ഷിത ജീവിതം, ശക്തമായ കുടുംബം പ്രത്യാശ നിറഞ്ഞ ജീവിതം | 34 |
| പട്ടംകൊട | 39 |

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പുവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com



# എഡിറ്റോറിയൽ

## നുറുങ്ങിയ ഹൃദയം ദൈവം നിരസിക്കുന്നില്ല

**"കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്താടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ."**
*(ജോയേൽ 2:12)*

വലിയ നോമ്പ് എന്ന മഹാതീർത്ഥാടനത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിചിന്തനത്തിനും ആത്മപരിശോധനയ്ക്കും നവീകരണത്തിനും സ്വർഗ്ഗീയമായ കൃപകൾ സ്വീകരിക്കുന്നതിനും ഈ തീർത്ഥാടനം നമ്മെ സഹായിക്കും. ഇത് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ജീവകാരുണ്യ പ്രവർത്തികളുടെയും പ്രത്യേക കാലഘട്ടമാണ്. നമ്മുടെ ഹൃദയങ്ങളെ ദൈവത്തോട് ചേർത്തു നിർത്തി ആഴത്തിൽ ആത്മപരിശോധന നടത്തുമ്പോൾ അത് നമ്മുടെ ആത്മാവിന് കൃപാവരങ്ങൾ സ്വീകരിക്കുന്നതിനുള്ള മുന്നൊരുക്കമാണ്. പാപത്തിന്റെയും മരണത്തിന്റെയും മേൽ യേശുക്രിസ്തു നേടിയ വിജയം ജീവിതത്തിലുടനീളം ആഘോഷിക്കുവാൻ നോമ്പ് നമ്മെ ഏറെ സഹായിക്കുന്നു. തിരക്കുപിടിച്ച ജീവിതത്തിന്റെ ശബ്ദമുഖരിതമായ, വർണ്ണമുഖരിതമായ സാഹചര്യങ്ങളിൽ നിന്നും നമ്മൾ ആഴമായ വിശ്വാസത്തിലേക്കും അചഞ്ചലമായ ദൈവസ്നേഹത്തിലേക്കും അനുതാപമുള്ള പ്രാർത്ഥനയിലേക്കും ഒരല്പനേരം മാറിനിൽക്കേണ്ടത് അനിവാര്യമാണ്. നോമ്പ് കാലത്തിന്റെ മർമ്മം പ്രാർത്ഥനയിലാണ്. ദൈവത്തിങ്കലേക്ക് ഹൃദയതുറവിയോടെ ചേർന്നു നിൽക്കുന്നതാണ് പ്രാർത്ഥന. ദൈവം നമ്മെ മുന്നോട്ട് നയിക്കുന്നതും അവനിലേക്ക് ചാഞ്ഞ് നിൽക്കുന്നതും പ്രാർത്ഥനയിൽ സംഭവിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്. നമ്മുടെ നിശബ്ദമായ പ്രാർത്ഥനകൾ, വചനാധിഷ്ഠിതമായ ധ്യാനങ്ങൾ, കൂട്ടായ്മയിലുള്ള ആരാധന ഇവയെല്ലാം ദൈവത്തിന്റെ അചഞ്ചലമായ സാന്നിധ്യം നമ്മുടെ ജീവിതത്തിൽ ഉറപ്പാക്കുന്നു.

ഉപവാസം നിയതമായ അച്ചടക്കത്തിന്റെയും ഭൗതിക ലോകത്തിൽ നിന്നുള്ള മാറിനിൽക്കലിന്റെയും സാഹചര്യം സൃഷ്ടിക്കുന്നു. ഇത് ലോകം തരുന്ന നൈമിഷിക സന്തോഷങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്ക് ശക്തി പകരുന്നു. കേവലം ഭക്ഷണ പദാർത്ഥങ്ങളിൽ നിന്നുള്ള

www.malankaralibrary.com

വർജ്ജന എന്നതിലുപരിയായി ദൈവത്തിന് ഹൃദയത്തിൽ ശ്രേഷ്ഠമായ വാസസ്ഥലം ഒരുക്കിക്കൊടുക്കുന്ന പ്രവൃത്തി കൂടിയാണ് ഉപവാസം. ഉപവാസം സൃഷ്ടിക്കുന്ന ശൂന്യത ദൈവത്തിൽ നിന്ന് മാത്രം പരിഹരിക്കാവുന്നതും ദൈവത്തിന് മാത്രം നിറയ്ക്കാവുന്നതുമായ ഒന്നാണ്. നമ്മുടെ സ്വാർത്ഥതയിൽ നിന്ന് മാറി അപരനിലേക്ക് അടുക്കുന്ന ജീവകാരുണ്യ പ്രവർത്തികൾ നോമ്പിന്റെ പ്രത്യേകതയാണ്. നമ്മുടെ ഇടവകാതിർത്തികളിലുള്ള ജീവകാരുണ്യ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതും അവർക്കാവശ്യമായ ശുശ്രൂഷകൾ ചെയ്ത് കൊടുക്കുന്നതും ഇതിന്റെ ഭാഗമാണ്. അപ്രകാരം ദൈവകരുണയുടെയും സ്നേഹത്തിന്റെയും ഉപകരണങ്ങളായി നാം ഓരോരുത്തരും മാറണം. യേശുവിന്റെ കരുണയും കരുതലും അപരനിലേക്ക് കൈമാറാതെ നമുക്ക് പ്രാർത്ഥന അസാധ്യമാണ്.

നന്ദിയോടെയും തികഞ്ഞ വിനയത്തോടെയും നോമ്പിനെ നമുക്ക് സ്വീകരിക്കാം. അനുരഞ്ജനത്തിന്റെ വഴികൾ നോമ്പുകാലത്തെ തീർത്ഥാടന വഴികളാണ്. നമ്മോടും ദൈവത്തോടും അപരനോടും അനുരഞ്ജനത്തിന്റെ വഴികൾ വെട്ടിത്തുറന്ന് ക്ഷമയും ഹൃദയ ഐക്യവും എല്ലാവർക്കും നൽകാം. അപ്രകാരം യേശുവിന്റെ കരുണയും സ്നേഹവും നമ്മിൽ നവീകരിക്കപ്പെടുകയും അതുവഴിയായി നാം ശക്തരാവുകയും ചെയ്യും.

ഈ നോമ്പുകാലം ഹൃദയങ്ങൾ ഉരുക്കുവാനുള്ള കാലമാണ്. അനുതാപത്തിന്റെ നെടുവീർപ്പുകൾ നമ്മിൽ നിന്ന് ഉയരുകയും അതിൽ ദൈവം പ്രസാദിക്കുകയും ചെയ്യും. വലിയ ബലികളെക്കാളും ദൈവം സന്തുഷ്ടനാവുന്നത് നുറുങ്ങിയ ഹൃദയങ്ങൾ കണ്ടാണ്. അനുഗ്രഹകരമായ നോമ്പിലേക്ക് പ്രവേശിക്കുമ്പോൾ നാം തിരിച്ചറിയണം, നുറുങ്ങിയ ഹൃദയം ദൈവം നിരസിക്കുന്നില്ല.



**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

# പിതൃമൊഴി



## അനുതപിക്കാം അനുരഞ്ജനപ്പെടാം

നമ്മുടെ കർത്താവിന്റെ പീഡാനുഭവ രഹസ്യങ്ങളുടെ ഓർമയാചരണത്തിന് ഒരുക്കമായി അൻപതു ദിവസം നീണ്ടു നിൽക്കുന്ന ഒരു നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഏറ്റവും വിലപ്പെട്ടതൊക്കെ സ്വീകരിക്കുന്നതിനു മുമ്പ് അതു സ്വീകരിക്കുന്നതിന് യോഗ്യരാകുവാൻ ഉചിതമായ ഒരുക്കം ആവശ്യമാണ്. തന്റെ പരസ്യ ജീവിതത്തിന് ഒരുക്കമായി നമ്മുടെ കർത്താവ് നടത്തിയ 40 ദിവസത്തെ മരുഭൂമിയിലെ ഉപവാസം ഇതിനുദാഹരണമാണ്. പത്തുകൽപ്പനകൾ സ്വീകരിക്കുന്നതിനൊരുക്കമായി മോശ 40 ദിവസങ്ങൾ നീനായ് മലമുകളിൽ പാർത്തതും ഇതു വെളിവാക്കുന്നു. തിന്മയ്ക്കെതിരായ പോരാട്ടത്തിൽ വലിയ ബലമാർജ്ജിക്കാൻ കഴിയുന്ന കാലഘട്ടമാണിത്. ശരീരത്തെക്കാൾ ആത്മാവ് ബലപ്പെടുകയും തിന്മ നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ സൃഷ്ടിയായി മാറുകയും ചെയ്യേണ്ട കാലഘട്ടമാണിത്. കർത്താവു നമുക്കു വേണ്ടി നിവർത്തിയാക്കിയ രക്ഷാകര സംഭവങ്ങളുടെ അനുസ്മരണയാണ് ഈ വലിയ നോമ്പുകാലത്തിലെ ചിന്താവിഷയം.

നോമ്പുകാലം പരിവർത്തനത്തിന്റെയും നവീകരണത്തിന്റെയും പുതിയ പ്രവർത്തനശൈലികളുടെയും കാലമെന്നാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നത്. ഒരാളുടെ മനസ്സും ഹൃദയവും പുതുക്കപ്പെടണം. പുതിയ ജീവിതശൈലികൾ സ്വീകരിക്കണം. ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കാൻ പഠിക്കണം. ബന്ധങ്ങൾ മെച്ചപ്പെടണം. നീതി പുലരണം. പ്രാർത്ഥനയ്ക്കായി തിരക്കുകൾ അവസാനിപ്പിച്ച് ശാന്തരാവണം. ആവശ്യമുള്ളവരിലേക്ക് സ്നേഹത്തിന്റെ കരങ്ങൾ നീട്ടണം-പാപ്പാ കൂട്ടിച്ചേർക്കുന്നു. ജറുസലേമിൽ പൂർത്തിയായ നമ്മുടെ കർത്താവിന്റെ രക്ഷാകര രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനമാണെന്നാണ് നോമ്പുകാലത്തെ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ വിശേഷിപ്പിക്കുന്നത്.

www.malankaralibrary.com



മേൽപ്പറഞ്ഞ ഉദാഹരണങ്ങളിലൊക്കെ നാം പൊതുവിൽ കാണുന്ന ഒരു കാര്യം നോമ്പുകാലം ഒരു മാറ്റത്തിന്റെ കാലമാണെന്നാണ്. ഇതുവരെ സഞ്ചരിച്ച തെറ്റായ വഴികളിൽ നിന്ന് അൽപ്പം മാറിനടക്കുക. വിശുദ്ധിയുടെ പരിമളം പരത്തുക. ത്യാഗപൂർണമായ ശൈലികൾ സ്വീകരിക്കുക. നമ്മുടെ കർത്താവ് പരസ്യജീവിതമാരംഭിക്കുമ്പോൾ ആദ്യം ഉദ്ഘോഷിക്കുന്ന വചനമിതാണ്: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ' (മർക്കോസ് 1:15). അനുതാപമാണ് നോമ്പുകാലത്തിൽ സംഭവിക്കേണ്ട കാതലായ മാറ്റം. ആ അനുതാപമാണ് ദൈവരാജ്യ പ്രവേശനത്തിന്റെ ആദ്യ ചുവട്. നോമ്പുകാലത്തിലും ഇതു പ്രധാനമാണ്. അനുതാപത്തോടും അനുരഞ്ജനാഭാവത്തോടും വേണം നാം നോമ്പിലേക്ക് പ്രവേശിക്കാൻ. 'തൊണ്ണൂറ്റിയൊൻപതു നീതിമാൻമാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയെ ഓർത്ത് സ്വർഗ്ഗം സന്തോഷിക്കുന്നു'വെന്ന വചനത്തിൽ നിന്ന് സ്വർഗ്ഗം അനുതാപത്തിനു കൊടുക്കുന്ന പ്രാധാന്യം നമുക്കു തിരിച്ചറിയാം. ദൈവപിതാവിന്റെ പിതൃത്വവും മനുഷ്യരുടെ സാഹോദര്യവും അംഗീകരിക്കുന്നവർക്കു മാത്രമേ നിരുപാധികം അനുരഞ്ജനപ്പെടാനാവൂ. ദൈവത്തോടും മനുഷ്യരോടും നിരപ്പായിക്കൊണ്ട് നോമ്പിലേക്കു പ്രവേശിക്കുക. പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ 'ഡിലക്സിത് നോസ്' എന്ന ചാക്രിക ലേഖനത്തിന്റെ ഉള്ളടക്കം തന്നെ യേശുക്രിസ്തുവിന്റെ ഹൃദയത്തിലെ ദൈവികവും മാനുഷികവുമായ സ്നേഹം എന്നുള്ളതാണ്.

നോമ്പുകാലത്തിൽ സംഭവിക്കേണ്ട മറ്റൊരു മാറ്റം അനുരഞ്ജനമാണ്. പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ നോമ്പുകാലത്ത് പുലർത്തേണ്ട ജീവിതശൈലിയായി ചൂണ്ടിക്കാട്ടുന്നത് സ്വാർത്ഥതയും വിഭാഗീയതയും ഭിന്നതയും ഉപേക്ഷിക്കുക എന്നതാണ്. ഇന്ന് പല രാഷ്ട്രീയ സാമൂഹ്യ നേട്ടങ്ങൾക്കുമായി ഉപയോഗിക്കപ്പെടുന്ന ഒരായുധമാണ് വിഭാഗീയത. വേഗത്തിൽ മനുഷ്യന്റെ ഉള്ളിൽ നിന്ന് സ്നേഹത്തെ എടുത്തുകളയാൻ വിഭാഗീയതയ്ക്കാവും. ചേരിതിരിഞ്ഞ് ഏറ്റുമുട്ടാനും ആ കലഹങ്ങൾക്കിടയിൽ നിന്ന് നേട്ടമുണ്ടാക്കാനും ശ്രമിക്കുന്ന ആളുകളും പ്രസ്ഥാനങ്ങളും ഇന്ന് കുറവല്ല. ക്രിസ്തീയതയ്ക്ക് നേരേ വിരുദ്ധമായ ഒന്നാണ് വിഭാഗീയത. മനുഷ്യന് പരസ്പരം മനസ്സിലാക്കാൻ കഴിയാതെ വരുമ്പോഴാണ് ഭിന്നതകൾ സൃഷ്ടിക്കപ്പെടുക. സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ വേണം മനുഷ്യരെ മനസ്സിലാക്കാൻ. വിട്ടുവീഴ്ചയുടെയും പരസ്പര ബഹുമാനത്തിന്റെയും പിൻബലത്തിലാണ് മനുഷ്യൻ ഒന്നിക്കേണ്ടത്. നോമ്പുകാലം അത്തരം വിഭാഗീയതകൾ മറക്കാനും പരസ്പരം അനുരഞ്ജനത്തിലാവാനും ഉള്ള അവസരമാണ്.

നോമ്പുകാലം വർജ്ജനയുടെ കാലഘട്ടം കൂടിയാണല്ലോ. ശരീരം ഭക്ഷണം വെടിയുമ്പോൾ ആത്മാവ് തിന്മകൾ വർജിക്കണമെന്ന പിതാക്കൻമാരുടെ പ്രാർത്ഥന എത്ര ശ്രേഷ്ഠമായ ഓർമപ്പെടുത്തലാണ്. വർജന ഭക്ഷണപാനീയങ്ങൾക്കു മാത്രമല്ല തിന്മകൾക്കു കൂടിയാണ്. പാപം വെടിഞ്ഞ് പുണ്യങ്ങൾ അഭ്യസിച്ച് ഒരു പുതിയ സൃഷ്ടിയായി രൂപപ്പെടാൻ നോമ്പുകാലം നിങ്ങളെ സഹായിക്കട്ടെ.

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com



കവർ സ്റ്റോറി

# ആത്മീയ ഭൂഷണങ്ങളാൽ ശ്രേഷ്ഠമാകുന്ന നോമ്പുകാലം



റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി

പഴയനിയമത്തിൽ നോമ്പാൽ മോശയും ഏലീയായും ദൈവീകദർശനം സാധ്യമാക്കി. പുതിയ നിയമത്തിൽ ക്രിസ്തു തന്റെ മാമ്മോദീസായിൽ ദൈവമഹത്വം പ്രത്യക്ഷമാക്കിയതിനുശേഷം നോമ്പിലേക്ക് പ്രവേശിച്ചു. തന്റെ പരസ്യശുശ്രൂഷയുടെ മുന്നൊരുക്കമായിരുന്നു അത്. പഴയതും പുതിയതുമായ ഉടമ്പടി ബന്ധങ്ങളുടെ യോജിപ്പും അനുസരതത്വവും മരുഭൂമിയിലെ നോമ്പനുഷ്ഠാനത്താൽ ക്രിസ്തു സാധ്യമാക്കി. മറ്റൊരു മലയിലേക്കുള്ള ഗോഗുൽത്താ തീർത്ഥയാത്രയ്ക്കുള്ള സജ്ജീകരണമായിരുന്നു ഇത്. പിതാവിന്റെ മനസ്സ് സാക്ഷാത്കരിക്കുവാനുള്ള ചിട്ടവട്ടമായിരുന്നു ഈ നോമ്പാചരണം. ഉന്നതിയിലേക്കുള്ള സഞ്ചാരത്തിന്റെ പ്രതീകാത്മകതയാണിവിടെ ക്രിസ്തു അവതരിപ്പിക്കുന്നത്. ക്രിസ്തുശിഷ്യർക്ക് അനുഗമനത്തിന്റെ മാർഗ്ഗമായും ആയുധമായും നോമ്പിനെ ക്രിസ്തു കല്പ്പിച്ചുതന്നിരിക്കുന്നു. സാരാംശത്തിൽ ക്രിസ്തുമാർഗ്ഗം അതിന്റെ തനിമയിൽത്തന്നെ ഒരു നോമ്പിന്റെ ആന്തരിക ഭാവമാണ്. രക്ഷയുടെ ഊടുവഴിയാണിത്; എത്തിച്ചേരേണ്ട ഇടത്തേക്കുള്ള ജീവമാർഗ്ഗമാണിത്. ഭൗമികർക്ക് സ്വർഗ്ഗീയാനുഭവവും വാസവും ഇത് പ്രാപ്യമാക്കുന്നു. സ്രഷ്ടാവിന്റെ മനസ്സ് തിരിച്ചറിയുവാനും സൃഷ്ടി രഹസ്യം പൂർത്തികരിക്കുവാനും നോമ്പിന്റെ ശക്തി സഹായകമാകുന്നു. സഹായങ്ങളുടെ നിക്ഷേപം, വിവേകികളുടെ ആയുധം, സ്വർഗ്ഗത്തിലേക്ക് കരേറുവാനുള്ള മഹനീയ ഗോവണി എന്നിങ്ങനെ അനന്യമായ പാത്രധർമ്മങ്ങൾ നോമ്പ് സാദ്ധ്യമാക്കുന്നു. അപ്രകാരം സഭയ്ക്കും മക്കൾക്കും വലിയ അടയാളമായി നോമ്പിനെ ക്രിസ്തു നല്കിയിരിക്കുന്നു

www.malankaralibrary.com



**ഉത്ഥാന രഹസ്യങ്ങളിലേക്കുള്ള തീർത്ഥയാത്ര**

വലിയ നോമ്പിനെ ഉത്ഥാനപ്പെരുന്നാളിന് മുമ്പുള്ള നാല്പ്പത് ദിവസങ്ങൾ എന്ന് സമുചിതമായി വിശേഷിപ്പിക്കുന്നുണ്ട്. ഉത്ഥാന രഹസ്യങ്ങൾ സ്വന്തമാക്കുവാനുള്ള നാല് ദശദിനങ്ങളുടെ മുന്നേറ്റമാണ് ഈ നോമ്പാചരണം. ആത്മീയ ഉണർവ്വിന്റെയും തയ്യാറെടുപ്പിന്റെയും ലക്ഷ്യസ്ഥാനം ഉത്ഥാനത്തിന്റെ ജീവൽതുറമുഖമാണ്. യാത്രയ്ക്കൊരുങ്ങുന്ന വ്യാപാരി യാത്രാ ഭോജനത്തിനാവശ്യമായവ കരുതുന്നതുപോലെ, ആരാധകർ ഈ കാലഘട്ടത്തിൽ നിത്യമായ യാത്രക്കാവശ്യമായ പാഥേയം സ്വന്തമാക്കുന്നു. നിത്യജീവനെന്ന ഉത്ഥാന രഹസ്യമാണ് നോമ്പാൽ ഭക്തർ സ്വന്തമാക്കുന്നത്. അത്യുന്നതങ്ങളിലേക്കുയർത്തുവാൻ അനിവാര്യമായ ചിറക് ഇത് പ്രദാനം ചെയ്യുന്നു. ശാരീരികമായവയ്ക്ക് പകരം ആധ്യാത്മികമായവ പരിപുഷ്ടമാക്കുന്ന നോമ്പ് സംപൂജ്യമാണ്. കിരീടങ്ങൾ സമ്പാദിക്കുവാനും മണവറയിൽ പ്രശോഭിതരാകുവാനും ഇത് സഹായിക്കുന്നു. സൃഷ്ടിയിൽ ശ്രേഷ്ഠതയും മഹിമയും പ്രാപിക്കുവാൻ ഈ ആചരണം ഉപയുക്തമാകുന്നു. ലോകത്തിന് പകരം സ്വർഗ്ഗരാജ്യമാണിത് ദർശന സായുജ്യമാക്കുന്നത്. വിശുദ്ധിയുടെ തുറമുഖത്തേക്കുള്ള ഈ യാത്രയിൽ ആദ്യത്തെ അവകാശം പുനഃപ്രാപിക്കുവാൻ ഇത് സഹായകമാകുന്നു. സ്നേഹവും സുകൃത വ്യാപരവും ജീവിത വ്യവഹാരമാക്കികൊണ്ട് ഇത് ദൈവത്തെ പ്രസാദിപ്പിക്കുന്നു; മാലാഖമാരോട് സാദൃശപ്പെട്ടുകൊണ്ട് സ്തുതിയുടെ ജീവിതം കാഴ്ച്ചവയ്ക്കുന്നു. ഉത്തമ വെളിപാട് പ്രകാശിപ്പിച്ച പെസഹാരഹസ്യങ്ങളിലെ പങ്കാളിത്വത്തിന് വലിയ നോമ്പുകാലം മുന്നൊരുക്കമാകുന്നു. ക്രിസ്തീയ തത്വസംഹിതയുടെ അടിസ്ഥാന മൂല്യങ്ങൾ ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. അനിവാര്യമായ ഒരു കടന്ന് പോകൽ-പെസഹാ-ഇവിടെ ആന്തരികതയിൽ സംഭവ്യമാകുന്നു. പഴമയുടെ ഒടുക്കവും നവീനമായതിന്റെ ആരംഭവുമാണിവിടെ നടമാടുന്നത്. ഭൗതിക ലോകത്തിൽ നിന്നും ആത്മീയ ഊഴിയിലേക്കുള്ള തീർത്ഥയാത്ര ഈ കാലഘട്ടത്തിൽ വന്നു കൂടുന്നു. താത്വിക ഭാഷ്യത്തിൽ, നോമ്പ് എന്നത് മാമ്മോദിസായുടെ നൽവരങ്ങൾ സ്വന്തമാക്കുവാൻ ഭക്തരെ സഹായിക്കുന്നു.

**പ്രഘോഷിക്കപ്പെടുന്ന ക്രിസ്തുശാസ്ത്രം**

സുറിയാനി ആരാധന ക്രമം പൊതുവെയും നോമ്പുകാല പ്രാർത്ഥനകൾ പ്രത്യേകമായും രണ്ട് വിശേഷണങ്ങൾ ക്രിസ്തുവിന് നല്കുന്നുണ്ട്: വിദഗ്ദ്ധനായ ഭിഷഗ്വരനും നല്ല ഇടയനുമായ ക്രിസ്തു. രണ്ടു പ്രയോഗങ്ങളും ഭക്തരുടെ ജീവിതക്രമത്തിലെ സങ്കീർണതകൾ വ്യക്തമാക്കുന്നു. ആത്മശരീരങ്ങളുടെ വൈദ്യനും പാപങ്ങൾക്കു മാനസാന്തരം ഔഷധമായി നിശ്ചയിച്ചവനും ദുർമോഹങ്ങ





ളാലുണ്ടാകുന്ന മുറിവുകൾക്കും വ്രണങ്ങൾക്കും പ്രതിവിധിയായി നോമ്പ് കല്പിച്ചവനായവന് സ്തുതി എന്നാണ് പ്രാർത്ഥനാക്രമം ക്രിസ്തുവിനെ പ്രകീർത്തിക്കുന്നത്. ക്രിസ്തുവിന്റെ സുഖപ്പെടുത്തൽ ശുശ്രൂഷ, രക്ഷാകര ദൗത്യത്തിന്റെ അവിഭാജ്യ ഭാഗമാണ്. അത്ഭുതങ്ങളും രോഗശാന്തിയും പഠിപ്പിക്കുന്ന ദൈവശാസ്ത്രം, യുഗാന്ത്യോന്മുഖമായ ദർശനങ്ങൾ പ്രദാനം ചെയ്യുന്നു. 'ഒസിയോ' എന്ന സെമറ്റിക് പദവും അത് വ്യക്തമാക്കുന്ന സംജ്ഞയും അക്കാദിയൻ-സുമേറിയൻ സംസ്ക്കാരങ്ങളിൽ നിന്നും കടമെടുത്ത പ്രയോഗമാണ്. പിന്നീട് സുറിയാനി ആരാധനാക്രമത്തിന് ഏറെ പ്രിയങ്കരപദമായി അത് ഉപയോഗിച്ചു തുടങ്ങി. വ്രണിത ആത്മാക്കളുടെ വൈദ്യനായി ക്രിസ്തു അവതരിപ്പിക്കപ്പെടുന്നു. അഫ്രാത്ത്, ജ്ഞാനിയായ വൈദ്യനായിട്ടാണ് വർണ്ണിക്കുന്നത്. അനുതാപത്തിന്റെ അനിവാര്യതയോട് ചേർത്ത് വച്ചുകൊണ്ടാണ് ഈ പ്രയോഗം അധികമായി പ്രയുക്തമാക്കുന്നത്. അപ്രേം തന്റെ പ്രിയങ്കര സ്ഥാനനാമമായി ഉപയോഗിക്കുമ്പോൾ ക്രിസ്തുവിന്റെ, മാനവിക ശ്രേഷ്ഠതയുടെ പുനഃപ്രാപിക്കലാണ് വിഷയമാക്കുന്നത്. പ്രസ്തുത പ്രയോഗത്തോട് ചേർത്ത്വച്ചുള്ള ഒരു ശൈലിയാണ്, മരണത്തെ തോല്പ്പിച്ച ക്രിസ്തു എന്നത്. സൗഖ്യദായകനും നല്ല ഇടയനുമായ ക്രിസ്തു, രോഗിയെയും വ്രണിതനെയും മരണത്തിന് വിട്ടുകൊടുത്തില്ലയെന്ന് പ്രാർത്ഥനകൾ വ്യക്തമാക്കുന്നു. അപ്രേം അനുരൂപമായ മറ്റൊരു ശീർഷകം ക്രിസ്തുവിനു നല്കുന്നു: ജീവന്റെ ഔഷധം. മുറിവുകൾ വച്ചുകെട്ടുന്ന ക്രിസ്തു ഔഷധം കൂടിയാണെന്ന് വിവരിക്കുന്നു. ലോകത്തിലെ വൈദ്യന്മാർ വ്രണിത ആത്മാക്കളെ സൗഖ്യപ്പെടുത്താൻ പരാജയപ്പെടുന്നു. അവർ നല്കുന്ന മരുന്നുകളോടൊപ്പം വേദനയും കടന്ന്വരുന്നു; എന്നാൽ ക്രിസ്തു വേദനകൂടാതെ സൗഖ്യപ്പെടുത്തുന്നു. കാരണം ദൈവം, സ്രഷ്ടാവും സംരക്ഷകനും വൈദ്യനും ഔഷധവുമാണ്.

നല്ല ഇടയൻ എന്നത് മറ്റൊരു സുപരിചിതവും പ്രിയങ്കരവുമായ ക്രിസ്തുവിന്റെ ശീർഷകമാണ്. നഷ്ടപ്പെട്ടതിനെ കണ്ടെത്തുന്ന നല്ല ഇടയന്റെ വർണ്ണന പ്രാർത്ഥനയിൽ അനുസ്യൂതം കടന്ന് വരുന്നു. കാരുണ്യത്തോടെ ക്ഷമിക്കുന്ന ഇടയന്റെ ഭാവമാണ് ഇവിടെ വിവരിക്കുന്നത്. ഈ തലക്കെട്ടിനോടൊപ്പവും അനുതാപമെന്ന അനിവാര്യഭാവത്തിന്റെ മുഖ്യത സൂചിപ്പിക്കുന്നു. മെസപ്പൊട്ടോമിയൻ സംസ്ക്കാരത്തിൽ ഏറെ ഊന്നിപ്പറയുന്ന ദൈവീക ശൈലിയാണ് ഇടയഭാവം. പഴയനിയമത്തിൽ അത് ദൈവത്തിനും രാജാക്കന്മാർക്കും കല്പ്പിച്ചു നല്കിയ സ്ഥാനനാമമാണ്. പുതിയ നിയമത്തിൽ നാലാം സുവിശേഷം മഹനീയ വർണ്ണനയോടെ ക്രിസ്തുവിനെ നല്ല ഇടയനായി സുപരിചിതനാക്കുന്നു. റോയോ (ഇടയൻ) ദയറോ(വാസസ്ഥലം) ത്‌യോറോ (ആട്ടിൻപറ്റം) മെൻയോനോ(എണ്ണം) എന്നീ സുറിയാനി പദങ്ങൾ പരസ്പര പൂരകമായി ഇവിടെ കടന്ന് വരുന്നു. സുറിയാനി സഭയുടെ സഭാദർശനവും സന്ന്യാസചൈതന്യവുമൊക്കെ പ്രതിപാദിക്കുവാൻ ഇടയൻ എന്ന ആദർശം പ്രയുക്തമാകുന്നു. ക്രിസ്ത്യാനികളെ ആട്ടിൻകൂട്ടത്തിലെ മക്കൾ എന്നാണ് അഫ്രാത്ത് വിവരിക്കുന്നത്. അപ്രേം ഇടയൻ എന്ന തലക്കെട്ട്, ക്രിസ്തു, അപ്പസ്തോലന്മാർ മെത്രാന്മാർ എന്നിവർക്കുള്ള വിശേഷണമാണ്. സുറിയാനി പിതാക്കന്മാർ വൈദ്യൻ-ഇടയൻ എന്നീ സംജ്ഞകൾ പരസ്പര പൂരകമായിട്ടാണ് പൊതുവെ ഉപയോ

ഗിക്കുന്നത്. നല്ല ഇടയന്റെ ജീവിതത്തെ സംഗ്രഹിക്കുന്ന ഒരു പ്രാർത്ഥന ഇപ്രകാരമാണ്: 'വഴിതെറ്റി പറ്റം വിട്ടുപോയ ആടിനെ അന്വേഷിച്ച് തന്റെ തൊഴുത്തിലേക്ക് പിൻതിരിപ്പിച്ച നല്ല ഇടയാ, പത്തു നാണയത്തിൽ നിന്ന് നഷ്ടപ്പെട്ടുപോയ നാണയം ആ സ്ത്രീ അന്വേഷിച്ചതുപോലെ, നശിച്ചുപോയ എന്നെയും അന്വേഷിക്കണമേ എന്തെന്നാൽ നശിച്ചുപോയതിനെ അന്വേഷിച്ച് കണ്ടെത്തുന്നവൻ നീയാകുന്നു. തന്റെ ദാസരെ തിരിച്ചു വരുത്തുന്നവന് സ്തുതി...'. കരുണയെന്ന ദൈവീക ഭാവത്താൽ തെറ്റിപ്പോയതിനെയും നഷ്ടമായതിനെയും അന്വേഷിച്ച് ചേർത്ത് നിർത്തുന്ന ക്രിസ്തുവിന്റെ ഇടയസ്ഥാനം വി.നോമ്പിന്റെ പ്രാർത്ഥനകൾ പ്രത്യേകം ശ്രദ്ധയോടെ വർണ്ണിക്കുന്നു.



**മാനുഷിക ഭംഗുരത്വം വെളിവാക്കുന്ന കാലഘട്ടം**

ക്രിസ്തുവിന്റെ കരുണാർദ്ര ഭാവങ്ങളായ ഇടയൻ-വൈദ്യൻ എന്നിവയുടെ കാരണവും അവസ്ഥയും മനുഷ്യ മനസ്സിന്റെ ഉടയുന്ന അവസ്ഥയാണ്. ആത്മാവ് രോഗാവസ്ഥയിലായിരുന്നുവെന്നും അതിന്റെ ആദ്യസൗന്ദര്യം നഷ്ടമായിരിക്കുന്നുവെന്നും പ്രാർത്ഥനകൾ ദൃഷ്ടാന്തമാക്കുന്നു. രാജകീയചരായയ്ക്കാണ് മങ്ങൽ ഏറ്റിരിക്കുന്നത്. എന്നാൽ കാരുണീകൻ മനുഷ്യനെ സ്വീകരിക്കുമ്പോൾ നഷ്ടപ്പെട്ട ലാവണ്യം തിരികെ ലഭിക്കുന്നു; ആ നാഥന്റെ കൈകളിൽ മനുഷ്യ ജീവിതത്തിന്റെ അഴക് സുരക്ഷിതമായിരിക്കുന്നു. ക്രിസ്തു തിരികെ നല്കുവാൻ ശ്രദ്ധയോടെ അതിനെ സൂക്ഷിച്ചിരിക്കുന്നുവെന്നും പ്രാർത്ഥനകൾ വ്യക്തമാക്കുന്നു. സൗന്ദര്യം നഷ്ടമാകലിന്റെ കാരണം ഇവിടെ വ്യക്തമാക്കുന്നുണ്ട്: 'നിനക്ക് സ്തുതി പാടാതിരിക്കുവാനായി ദുഷ്ടൻ എന്നെ നിദ്രയിലാഴ്ത്തി'. നിദ്രയെ പാപാവസ്ഥയായി സുറിയാനി പിതാക്കന്മാർ അവതരിപ്പിക്കുന്നു: നിദ്രയിൽ ഞാൻ പാപം ചെയ്കിൽ നിൻ കൃപ മോചനമരുളണമേ. രണ്ട് കാരണങ്ങളാൽ നിദ്ര, പാപമായി സൂചിതമാക്കപ്പെടുന്നു: ദൈവസാന്നിധ്യ സ്മരണയുടെ അഭാവവും ആത്മീയ നിഷ്ക്രിയത്വവും. ആലങ്കാരിക പ്രയോഗത്താലാണ് നിദ്ര ആത്മീയവസ്ഥയിൽ പാപമാകുന്നത്. ദൈവസ്തുതി പാഠകരായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നിദ്രയിൽ ദൈവമഹത്വത്തെ പ്രകീർത്തിക്കുവാനും മനുഷ്യൻ പരാജിതനാകുന്നു. പാപത്തെ മുറിവ് ആയിട്ടാണ് അവതരിപ്പിക്കുന്നത്. ആത്മാവിന്റെ മുറിവ് ഉണക്കുവാൻ നോമ്പുകാലത്ത് ജ്ഞാനിയായ വൈദ്യനോട് പ്രാർത്ഥിക്കുന്നു. കണ്ണുനീരിനെ, വൈദ്യനുള്ള ചികിത്സാ തുകയായും അവനെ പ്രീതിപ്പെടുത്തുവാനുള്ള കൈക്കൂലിയായും പ്രാർത്ഥനകൾ സാക്ഷീകരിക്കുന്നു. മാനവികതയുടെ സമുദ്ധാരാണത്തിന് ക്രിസ്തു തന്നെയാണ് നോമ്പിനെ കൽപിച്ച് നല്കിയിരിക്കുന്നത്. നോമ്പ് മനുഷ്യന്റെ സമഗ്രമായ വളർച്ചയ്ക്ക് സഹായിക്കുന്നു. പടച്ചട്ടയാൽ ശരീരം കാത്തുകൊള്ളപ്പെടുന്നു, ഇന്ദ്രിയേച്ഛകൾ കീഴടക്കപ്പെടുന്നു, ശ്രവണം, ഘ്രാണം, കാഴ്ച്ച, സംസാരം എന്നിവ തിരുവിഷ്ടം ചെവിക്കൊള്ളുവാനും ദിവ്യനിശ്വാസം ഉൾക്കൊള്ളുവാനും ദൈവീക അത്ഭുതങ്ങൾ ദർശിക്കുവാനും ദൈവമഹത്വത്തെ കീർത്തിക്കുവാനും ഇടയാക്കുന്നു. സ്പർശനശക്തി പുണ്യാസക്തിയെ വർദ്ധിപ്പിക്കുവാനും ബോധത്തെ വിവേകപൂർവ്വം നയിക്കുവാനും ഹൃദയം സ്നേഹത്താൽ ബന്ധിപ്പിക്കുവാനും അറിവും ചിന്തയും ഉന്നതത്തിലുള്ളവയെ ധ്യാനിക്കുവാനും കഴിവുള്ളതായിത്തീരുന്നു. ചുരുക്കത്തിൽ നോമ്പ്, ഭക്തനെ കുറവുകളിൽ നിന്നും നിറവിലേക്ക് വളരുവാനും പറുദീസാ വാസിയാകുവാനും സഹായിക്കുന്നു.

**അസ്ഥിപഞ്ജരമായ അനുതാപ പ്രകാശനം**

നോമ്പിന്റെ മുഖ്യപ്രമേയം അനുതാപമാണ്. ക്രിസ്തുവിന്റെ ഈ ആദ്യ പ്രബോധനത്തിന്റെ ആവൃതിയിലാണ് നോമ്പ് എന്ന രൂപാന്തരീകരണ പ്രക്രിയ ചുറ്റുവട്ടമിടുന്നത്: പ്രാർത്ഥനാക്രമം അനുതാപത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്: 'കർത്താവിൽ നിന്ന് ഞാൻ അകന്നുപോയിരിക്കുന്നതിനാൽ എനിക്കു കഷ്ടം. വിരുന്നിൽ

www.malankaralibrary.com



എന്റെ ദീപയഷ്ടി കെട്ടുപോ-കുകയും ചെയ്തിരിക്കുന്നു. എന്റെ മലിനതയിൽ ഞാൻ അനുതപിക്കുന്നില്ലയെങ്കിൽ പുറത്തേ അന്ധകാരത്തിലേയ്ക്ക് ഉപേക്ഷിക്കപ്പെടും'. കടന്നുപോകുന്ന ഈ ലോകത്തിൽ അനുതാപത്തിന് അവസരമുണ്ട്; എന്നാൽ അനശ്വര ലോകത്തിൽ അത് സ്വീകരിക്കപ്പെടുന്നില്ലായെന്ന് പ്രാർത്ഥന തന്നെ വിവരിക്കുന്നു. ആത്മാവിന്റെ ആദ്യ സൗന്ദര്യത്തിലേക്കും അവസ്ഥയിലേക്കുമുള്ള മടക്കയാത്രയാണിത്. ഒരു തിരിച്ചുവരവാണിവിടെ സൂചിതമാകുന്നത്. സുറിയാനി സഭയുടെ താപസ ചൈതന്യം ഇങ്ങനെയൊരു മനോഭാവത്തിന് നിദാനമായി എന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഹൂസോയോ എന്ന ശൈലി പ്രാർത്ഥനകളിൽ പൊതുവെ കടന്ന് വരുന്നുണ്ട്. സ്വന്തം കുറവുകളെപ്പറ്റിയുള്ള ഒരു അവബോധം അത് സൃഷ്ടിച്ചെടുക്കുന്നു. എല്ലാ പ്രാർത്ഥനകളുടെയും ആരംഭത്തിലുള്ള 51-ാം സങ്കീർത്തനാലാപം അനുതാപത്തിന്റെ സാംഗത്യം വ്യക്തമാക്കുന്നു. ഉടമ്പടിയുടെ മക്കൾ എന്ന ആദിമ സുറിയാനി സഭയുടെ തെരഞ്ഞെടുക്കപ്പെട്ട കൂട്ടായ്മ തന്നെ വിലാപകർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. പൗരോഹിത്യ സന്ന്യാസ വസ്ത്രനിറമായ കറുപ്പ് അനുധാവനം ചെയ്യേണ്ടതായ ഒരു ജീവിത ശൈലി വ്യക്തമാക്കുന്നു. ക്രിസ്തുവിന്റെ രണ്ടാംവരവിനുള്ള സന്നദ്ധതയും സജ്ജീകരണവുമാണ് അനുതാപത്തിന്റെ പ്രവർത്തനശൈലി. നിതാന്ത ജാഗ്രതയാണ് ഇത് പ്രദാനം ചെയ്യുന്നത്. നോമ്പിൽ പ്രത്യേകമായും മറ്റ് ആരാധനാക്രമത്തിൽ പൊതുവായും അനുതാപത്തെ യുഗാന്ത്യോന്മുഖമായ ജീവിതമുന്നേറ്റമായി വിവരിക്കുന്നു. അനുതപിക്കുക, എന്തെന്നാൽ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നുള്ള ദൈവവചനമാണ് ഈ മനോഭാവത്തിന് ആധാരം. അനുതാപത്തെ ക്രിസ്താനുഗമനത്തിന്റെ ആദ്യ നടപടിയെന്നും വിശേഷിപ്പിക്കുന്നത് ഇവിടെ ചിന്തനീയം തന്നെയാണ്. രണ്ടാം മാമ്മോദീസാ എന്നുള്ള അനുതാപത്തിന്റെ വിശേഷണം സൂചിപ്പിക്കുന്നത്, അനുതാപത്താൽ സംഭവ്യമാകുന്ന നവജീവനും പുതുജീവിതവുമാണ്. രൂപാന്തരീകരണം ലക്ഷ്യമാക്കുന്ന നോമ്പ്, അനുതാപത്തെ അനിവാര്യ ദർശനമായി അവതരിപ്പിക്കുന്നു.

**ആത്മീയ ചിറകുകൾ സമ്മാനിക്കുന്ന ഉപവാസം**

നോമ്പിന്റെ ജീവിതക്രമം അനുതാപമെങ്കിൽ അതിനെ പരിപോഷിപ്പിക്കുന്ന താപസഭാവമാണ് ഉപവാസം. ഭക്ഷണ പാനീയങ്ങളിൽ നിന്നുള്ള വിടുതൽ എന്നതിൽ നിന്നും ആത്മീയമായ മറ്റൊരു തലം കൂടിയുണ്ട്. മാനുഷികതയിൽ നിന്നും അതിമാനുഷികതയിലേക്കുള്ള പ്രയാണമാണിവിടെ സംഭവിക്കുന്നത്. വി. അപ്രേം പറയുന്നത് പ്രകാരം, സ്വഭാവത്താൽ ഭക്ഷിക്കുവാൻ നയിക്കപ്പെടുന്നു; എന്നാൽ സ്വതന്ത്ര ഇച്ഛയാൽ ഉപവാസം തിരഞ്ഞെടുക്കപ്പെടുന്നു. ആദിമാതാപിതാക്കളുടെ തകർച്ചയുടെ കാരണമായി അത്യാർത്തി നിലകൊണ്ടപ്പോൾ, രണ്ടാം ആദമായ ക്രിസ്തു പ്രതിവിധി കൽപിച്ച് തന്നത് ഉപവാസം കൊണ്ടാണ്.



കല്ലിനെ അപ്പമാക്കുവാനുള്ള പിശാചിന്റെ പ്രലോഭനത്തെ ഉപവാസത്താൽ ക്രിസ്തു നിഷ്കാസനം ചെയ്തു. വിശന്നും ക്ഷീണിച്ചുമിരിക്കുമ്പോൾ ദുഷ്ടൻ യുദ്ധത്തിന് സന്നദ്ധനാകുന്നുവെന്ന് നോമ്പിന്റെ പ്രാർത്ഥനകൾ സ്പഷ്ടമാക്കുന്നു. ഉപവാസം, ആത്മ ശരീരങ്ങളെ ബലപ്പെടുത്തുകയാണ്. ക്രിസ്തുവിന്റെ മരുഭൂമിവാസം, ഉപവാസ



www.malankaralibrary.com



ത്തിന്റെ പ്രബലത വെളിവാക്കി. ആത്മീയ ചിറകുകൾ സമ്മാനിക്കുന്ന ഉപവാസം, സ്വർഗ്ഗീയോന്നതി പ്രാപിച്ച് ദൈവത്തെ കണ്ടുമുട്ടുവാൻ സഹായിക്കുന്നു. വി. അപ്രേം, ഉപവാസത്തെ നല്ല അദ്ധ്യാപകനായും അവതരിപ്പിച്ചുകൊണ്ട് ക്രിസ്തു എങ്ങനെയാണ് പിശാചിനെ തോല്പിച്ചതെന്ന് പഠിപ്പിക്കുന്നു. ഹൃദയത്തിന്റെ ഉപവാസം അനിവാര്യമായ ഘടകമാണ്; ദുശ്ചിന്തകളിൽ നിന്നും നിരൂപണങ്ങളിൽ നിന്നുമുള്ള വിമുക്തിയാണാവശ്യം. തോണിയിൽ യാത്രയാകുന്നവരെ സംരക്ഷിക്കുകയും മുന്നോട്ട് നയിക്കുകയും ചെയ്യുന്ന പങ്കായത്തോട് ഉപവാസത്തെ ഉപമിക്കുന്നുണ്ട്. സൗഖ്യപ്പെടുത്തുന്ന ഒരു ശുശ്രൂഷയും ഉപവാസം അനുഷ്ഠിക്കുന്ന സ്വർഗ്ഗീയ ഔഷധം സ്വന്തമാക്കിയിരിക്കുന്നുവെന്നാണ് വി. അപ്രേം രേഖപ്പെടുത്തിയിരിക്കുന്നത്. യഥോചിതമായ ഉപവാസം മരുന്നിന്റെ ഫലദായകത്വം സ്വന്തമാക്കുന്നുവെന്ന് സാരം. ഉപവാസത്തിന്റെ പരിമളത്താൽ ദൈവം സംപ്രീതനാകുന്നുവെന്നും ദൈവീക സഹായം പ്രാപിക്കുന്നുവെന്നും പിതാക്കന്മാർ സാക്ഷ്യപ്പെടുത്തുന്നു. ഒരു ജനതയുടെ മുഴുവൻ മുറിവിനെ സുഖപ്പെടുത്തുവാൻ യോനായുടെയും നിനെവേവാസികളുടെയും ഉപവാസത്തിന് കഴിഞ്ഞുവെന്ന് മൂന്ന് നോമ്പിലെ പ്രാർത്ഥനാക്രമം സാക്ഷ്യപ്പെടുത്തുന്നു.

നാല്പതു നോമ്പുകാലം, ആത്മീയ വസന്തത്തിന്റെ ഫലദായകത്വം വ്യക്തമാക്കുന്നു. മാലാഖമാരോട് സദൃശ്യപ്പെട്ടുകൊണ്ട് പ്രശോഭിതരായിത്തീരുവാൻ നോമ്പ്, സഹായിക്കുന്നു. നോമ്പാൽ പരസ്യമായും രഹസ്യമായും ദൈവത്തിന് ശുശ്രൂഷ ചെയ്തുകൊണ്ട് വിശുദ്ധാലയമായിത്തീരുവാൻ ഭക്തർക്ക് കഴിയുന്നു. സൂര്യതേജസ്സിനെക്കാൾ കൂടുതലായി ശോഭിക്കുവാൻ നോമ്പുകാർക്ക് സാധിക്കുന്നു. നഷ്ടപ്പെട്ട ആദ്യസ്ഥലത്തേക്കുള്ള പ്രവേശനത്തിന് നോമ്പ് കാരണമായിത്തീരുന്നു. വിശുദ്ധിയുടെ തുറമുഖത്തേക്കുള്ള ഈ യാത്രയിൽ അത് ആത്മാക്കളിൽ നല്ല വിത്ത് വിതയ്ക്കുന്നു. ഒരു ആത്മീയ ജീവിതക്രമം പാലിച്ചുകൊണ്ട് രക്ഷയുടെ ഊടുവഴിയിലൂടെ തീർത്ഥാടനം നടത്തുവാൻ ഭക്തർക്ക് കഴിയുന്നു. ഉത്ഥാനത്തിന്റെ മഹനീയ രഹസ്യങ്ങളിലൂടെ സഞ്ചരിക്കുവാൻ നോമ്പുകാലം വീണ്ടും നമ്മെ ക്ഷണിക്കുകയാണ്. ദൈവീക ദർശനങ്ങൾ സ്വന്തമാക്കുവാനുള്ള മലകയറ്റം ഇവിടെ സാധ്യമാകുകയാണ്. ഇന്നലെകളിലെ അപചയങ്ങളിൽ നിന്നുമുള്ള ഒരു കടന്നുപോകൽ സംഭവ്യമാകുന്നു. പ്രാർത്ഥനാക്രമങ്ങൾ അവതരിപ്പിക്കുന്ന നല്ല ഇടയനും ജ്ഞാനിയായ ഭിഷഗ്വരനും നമ്മെ തേടിയെത്തുന്നു. കരുണയുടെ വാതിൽ തുറക്കുവാൻ അനുയോജ്യമായ അനുതാപം, കണ്ണുനീർ, ഉപവാസം എന്നിവയാൽ ജീവിതത്തെ സമ്പന്നമാക്കാം. പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നീ ക്രിസ്തീയ പക്വതയുടെ പ്രയാണത്തിൽ നോമ്പിനെ വലിയ അടയാളമായി സ്വീകരിക്കാം.



www.malankaralibrary.com



# വലിയ നോമ്പിന്റെ ആത്മീയത



റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ

50 ദിനരാത്രങ്ങളുടെ പ്രാർത്ഥനാകമ്പടികളോടെ പുണ്യം പൂക്കുന്ന വലിയനോമ്പിലേക്ക് വീണ്ടും നാം പ്രവേശിക്കുകയാണല്ലോ. മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ ഈ നോമ്പുകാലത്തിന്റെ ആത്മീയതയിലേക്ക് ഒന്ന് ആഴ്ന്നിറങ്ങുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം. ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ഹൃദയപൂർവം ധ്യാനിച്ച് യേശു ക്രിസ്തുവിനോട് താദാത്മ്യപ്പെടാനുള്ള സുവർണ്ണാവസരമാണിത്. സഭയുടെ ആരാധനാക്രമ വത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുന്നാൾ ആയ, പെരുന്നാളുകളുടെ പെരുന്നാൾ ആയ ഉത്ഥാനത്തിരുന്നാൾ ആത്മീയമായി ഒരുങ്ങി ആഘോഷിക്കുന്ന ഒരുക്കത്തിന്റെ അമ്പത് ദിനങ്ങൾ, നോമ്പാചരിക്കുന്നവരുടെ മനസ്സിനെയും ശരീരത്തിന്റെ വികാരവിചാരങ്ങളെയും ആത്മാവിന്റെ താളങ്ങളേയും ഒരുപോലെ സ്വയ നിയന്ത്രണത്തിലെത്തിക്കുന്ന ദിവസങ്ങളാണിത്. യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വിശ്വാസമർപ്പിച്ച്, യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ലഭ്യമാകുന്ന പുനരുത്ഥാനത്തിൽ പ്രത്യാശയർപ്പിച്ച്, ലോകരക്ഷകനായ യേശുക്രിസ്തുവിനോടൊപ്പം നടത്തുന്ന ഒരു ആത്മീയ യാത്രയാണിത്. യാമനമസ്ക്കാരങ്ങളിലൂടെയും ഉപവാസത്തിലൂടെയും അനുതാപത്തോടെ നടത്തുന്ന ഈ തീർത്ഥയാത്ര പ്രത്യാശയുടെയും പ്രതീക്ഷയുടേയും പുതിയ ഒരു വർണ്ണാഭമായ ചക്രവാളം വിശ്വാസികൾക്ക് മുമ്പിൽ തുറക്കുന്നു. 'കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും കൂടെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചു വരുവിൻ. നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ. എന്തെന്നാൽ, അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്. ശിക്ഷ പിൻവലിക്കാൻ സദാ സന്നദ്ധനുമാണ് അവിടുന്ന്' (ജോയേൽ 2:12-13).

www.malankaralibrary.com



**വലിയ നോമ്പിലെ ആത്മീയ അഭ്യാസങ്ങൾ**

**1. കഠിനമായ വ്രതാനുഷ്ഠാനങ്ങൾ**

പുതിയ രൂപാന്തരീകരണത്തിലേക്ക് നയിക്കപ്പെടുന്നതിന് വലിയ നോമ്പിന്റെ വ്രതാനുഷ്ഠാനങ്ങൾ സഹായിക്കും. കാനായിൽ വെള്ളം വീഞ്ഞായി രൂപാന്തരീകരണം പ്രാപിച്ചതുപോലെ, ഈ വലിയ നോമ്പിലെ വ്രതാനുഷ്ഠാനങ്ങൾ യേശു ക്രിസ്തുവിന്റെ കൃപയാൽ ഒരു വിശ്വാസിയെ രൂപാന്തരീകരണത്തിലേക്ക് നയിക്കും. ഹൃദയപൂർവം യേശു ക്രിസ്തുവിനെ സ്വജീവിതത്തിലേക്ക് ആവാഹിച്ചെടുക്കുമ്പോഴാണ് ഈ മാറ്റം സാധ്യമാകുന്നത്. 50 ദിനരാത്രങ്ങൾ മറ്റ് ചിന്തകളെയും വ്യാപാരങ്ങളെയും മാറ്റി വച്ച് യേശുക്രിസ്തുവിന്റെ പീഡാ സഹനങ്ങളെ മാത്രം ധ്യാനിക്കുകയും അത് അയവിറക്കുകയും ചെയ്ത് രൂപാന്തരീകരണത്തിലേക്ക് എത്തിച്ചേരുന്നു.

**2. മനുഷ്യനെ ദൈവസന്നിധിയിലേക്ക് ഉയർത്തുന്ന പരിശുദ്ധ പ്രക്രിയ**

നോമ്പ് ഒരു ആത്മീയ വ്യായാമം മാത്രമല്ല, അത് മനുഷ്യനെ ദൈവസന്നിധിയിലേക്ക് ഉയർത്തുന്ന ഒരു പരിശുദ്ധ പ്രക്രിയയാണ്. ലോകത്തിലെ എല്ലാ പ്രധാന മതങ്ങളിലും നോമ്പിന് പ്രാധാന്യമുണ്ടെങ്കിലും, ക്രിസ്തീയ വിശ്വാസത്തിൽ നോമ്പിന് പ്രത്യേക സ്ഥാനമാണുള്ളത്. നോമ്പ് പാപങ്ങളെ കഴുകി കളയാനുള്ള ഒരു അവസരവും, മനസ്സിനെ ശുദ്ധീകരിക്കാനുള്ള ഒരു മാർഗവുമാണ്. നമ്മുടെ ദുർബലതകളെ തിരിച്ചറിഞ്ഞ് ദൈവാനുഗ്രഹത്തിനായി ആഗ്രഹിക്കുന്ന ഒരു വിശ്വാസിയുടെ ആത്മീയ പഥമാണ് നോമ്പ്. ഈ ആത്മീയ യാത്ര മനസ്സിലാക്കുമ്പോൾ മാത്രമേ അത് ആത്മീയമായ വളർച്ചയ്ക്കും ദൈവസാന്നിധ്യത്തിലേക്കുള്ള ഉയർച്ചയ്ക്കും കാരണമാകൂ.

**3. നോമ്പിന്റെ ദൈവിക ദർശനം**

നോമ്പിന്റെ മഹത്വം വിളിച്ചുപറയുന്ന നിരവധി ഉദാഹരണങ്ങൾ പരിശുദ്ധ ഗ്രന്ഥങ്ങളിൽ കാണാം. യേശുക്രിസ്തു തന്റെ പരസ്യ ജീവിതത്തിന് മുൻപ് 40 ദിവസം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. (മത്തായി 4:2) മോശയും (പുറപ്പാട് 34:28), ഏലിയാ പ്രവാചകനും (1 രാജാക്കൻമാർ 19:8) ഈ ദൈവിക വ്യായാമത്തിൽ ഏർപ്പെട്ടിരുന്നു. നോമ്പ് എന്നത് ഉപവാസവും പ്രാർത്ഥനയും ഒരുമിച്ച് കൊണ്ടുപോകുന്ന ഒരു ദിവ്യപഥമാണ്. വിശ്വാസികൾക്ക് ഇത് ആത്മപരിശോധനയുടെ ഒരു അവസരമാണ്. നോമ്പ് മാനവഹൃദയത്തെ ശുദ്ധീകരിക്കുകയും, ദൈവത്തോടുള്ള സ്നേഹം വർദ്ധിപ്പിക്കുകയും, തിന്മകളിൽ നിന്നുമുള്ള വിടുതലിനുള്ള വഴി തുറക്കുകയും ചെയ്യുന്നു.



**4. നോമ്പ്: രക്ഷയുടെ നൗക**

ലോകം മഹാസമുദ്രം പോലെയാണ്; അതിൽ തുഴയുമ്പോൾ ഒരിക്കലും ഉറപ്പില്ലാത്ത തിരകളിൽ മനുഷ്യൻ പെട്ടുപോകുന്നു. അപരാധങ്ങൾ തിരകളാകുമ്പോൾ, വിശ്വാസികളെ രക്ഷിക്കുന്ന ഒരു ദൈവാനുഗ്രഹമായാണ് നോമ്പ് പ്രത്യക്ഷപ്പെടുന്നത്. നോഹയുടെ പെട്ടകം പ്രളയത്തിൽ നിന്നും നോഹയേയും കുടുംബത്തേയും ജീവജാലങ്ങളെയും രക്ഷിച്ചതുപോലെ, വിശ്വാസികളെ ഭൗതികതയുടെ ആഴങ്ങളിൽ നിന്നുമുയർത്തി ആത്മീയ ഉന്നതിയിലേക്ക് നയിക്കാൻ നോമ്പിനാകും. നോമ്പ് അനുഷ്ഠിക്കുന്നവർക്ക് ദൈവസന്നിധിയിൽ അടുക്കാനും, മനസ്സിൽ സമാധാനവും സന്തോഷവും കണ്ടെത്താനും സാധിക്കുന്നു.

**5. നോമ്പ്: ആത്മീയ പോരാട്ടത്തിന്റെ ആയുധം**

ജീവിതം ഒരു പോരാട്ടമാണ്; എന്നാൽ ഈ പോരാട്ടം ദൃശ്യമായ ആയുധങ്ങളില്ലാത്തതിനാൽ പലർക്കും അതിനെപ്പറ്റി മനസ്സിലാവാറില്ല. അദൃശ്യമായ ഒരു യുദ്ധം ഓരോ വിശ്വാസിയും ദിവസവും നേരിടുന്നുണ്ട്. മനുഷ്യമനസ്സിനെ കീഴടക്കാൻ ഭൗതികസാഹചര്യങ്ങൾ ശ്രമിക്കുമ്പോൾ, നോമ്പ് ഈ മിഥ്യാഭ്രമങ്ങളെ ചെറുക്കാനുള്ള ശക്തിയായി നിലകൊള്ളുന്നു. വിശുദ്ധ ഗ്രന്ഥങ്ങൾ ഈ ആത്മീയ യുദ്ധത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 'വഞ്ചന

www.malankaralibrary.com





ചെയ്യുന്ന ഒരുവനും എന്റെ ഭവനത്തിൽ വസിക്കുകയില്ല. നുണ പറയുന്ന ഒരുവനും എന്റെ സന്നിധിയിൽ തുടരാനാവുകയില്ല' (സങ്കീർത്തനം 101:7). വിശുദ്ധ മാക്സിമസിന്റെ വ്യാഖ്യാനം അനുസരിച്ച്, ഓരോ മനുഷ്യനും ഒരു ആത്മീയ യുദ്ധം അതിജീവിക്കേണ്ടി വരും. ഈ യുദ്ധത്തിൽ വിജയിക്കാനുള്ള ശക്തി നോമ്പിലൂടെ നമുക്ക് ലഭ്യമാണ്.

**6. നോമ്പ്: സ്വർഗ്ഗത്തിലേക്കുള്ള ചിറകും പാലവും**

മനുഷ്യനെ ദൈവസന്നിധിയിലേക്ക് ഉയർത്താനുള്ള ഏറ്റവും ശക്തമായ മാർഗമാണ് നോമ്പ്. അതിനാൽ തന്നെ വിശുദ്ധരുടെ ഉദ്ധാരണത്തെയും, ദൈവരാജ്യത്തിലേക്കുള്ള ഉയർച്ചയെയും കുറിച്ച് വിശുദ്ധ ഗ്രന്ഥങ്ങൾ നിരന്തരം പരാമർശിക്കുന്നു. നോമ്പ് ആചരിക്കുന്ന ഓരോ വിശ്വാസിയും ദൈവാനുഗ്രഹം ആഗ്രഹിച്ചാൽ, അത് അവനെ സ്വർഗ്ഗീയ സമാധാനത്തിലേക്ക് നയിക്കും. 'സ്വർഗ്ഗീയ മഹാപുരിയിൽ പാറിക്കയറാൻ ആത്മാവിന് ചിറകേകും വെൺമയെഴും നോമ്പിതു താൻ' (ചൊവ്വ രാത്രി പ്രാർത്ഥന) നോമ്പ് അനുഷ്ഠിക്കുന്ന ഓരോരുത്തരും ഭൂമിയിലല്ല, സ്വർഗ്ഗിയ ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്. നോമ്പ് സ്വീകരിച്ച ഓരോ വിശ്വാസിക്കും ആത്മീയ ഉണർവ്വ് ഉണ്ടാക്കാൻ കഴിയുമ്പോഴേ അതിന്റെ യഥാർത്ഥ ഫലം കിട്ടൂ.

**7. നോമ്പ്: പറുദീസയിലേക്കുള്ള മടക്കയാത്ര**

പറുദീസ നഷ്ടപ്പെടാൻ ഭക്ഷണപ്രിയമാണ് കാരണമായത്. ആദാമും ഹവ്വയും ദൈവനിർദ്ദേശം മറികടന്നത് ഭക്ഷണത്തിലൂടെയാണ്. അതിനാൽ തന്നെ, ആ വഴി തിരികെനേടിയത് നോമ്പിലൂടെയാണ്. നോമ്പ് വഴി വിശ്വാസികൾക്ക് തന്റെ മോഹങ്ങളെയും ഭൗതിക ആഗ്രഹങ്ങളെയും നിയന്ത്രിക്കാനും, ആത്മീയമായി ഉയരാനും കഴിയുന്നു. വിശുദ്ധ അപ്രേം പറയുന്നത് ഇതാണ്: 'ആദ്യ പാപം ആദാമിന്റെ ഭക്ഷണ പ്രിയത്തിൽ നിന്നാണ് വന്നത്, മിശിഹാ തന്റെ ഉപവാസത്താൽ അതു പരിഹരിക്കപ്പെട്ടു.'

**8. നോമ്പ് പാപപരിഹാരത്തിനുള്ള മാർഗമാണ്**

ഓരോ വിശ്വാസിയും ഈ ദൈവാനുഗ്രഹം ഉപയോഗിച്ച് സ്വർഗ്ഗത്തിലേക്കുള്ള മാർഗം കണ്ടെത്തണം. ഉത്തമവും ആത്മാർത്ഥവുമായ അനുതാപത്തിലൂടെ നാം ചെയ്തു പോയ പാപങ്ങളെ തിരിച്ചറിഞ്ഞ് യഥാർത്ഥ പശ്ചാത്താപത്തോടെ പരിശുദ്ധ കുമ്പസാരക്കൂടിന്റെ പവിത്രതയിലേക്ക് ആഴ്ന്ന് ഇറങ്ങി ഏറ്റുപറച്ചിലിലൂടെ കഴുകിക്കളയുമ്പോൾ നാം ആത്മീയതയുടെ ഔന്നത്യത്തിലേക്ക് ഉയരും. നോമ്പിലൂടെ സഭ ആഗ്രഹിക്കുന്നതും ഇത് തന്നെയാണ്.

**9. നോമ്പിന്റെ ആന്തരിക ശുദ്ധീകരണം**

വാസ്തവത്തിൽ, നോമ്പിനെ പലരും വെറുതെ ഭക്ഷണനിയന്ത്രണമായി മാത്രം കാണാറുണ്ട്. എന്നാൽ അതിനപ്പുറത്തേക്ക് നോക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നോമ്പിന്റെ പ്രാധാന്യം ഭക്ഷണനിയന്ത്രണം മാത്രമല്ല, ആന്തരിക ശുദ്ധീകരണവുമാണ്. അതിനാൽ തന്നെ, നോമ്പ് ആചരിക്കുമ്പോൾ ചില പ്രധാന ചിന്തകൾ മുന്നിൽവയ്ക്കേണ്ടതുണ്ട്:

a) ആന്തരിക വിശുദ്ധി – മനസ്സിനെ തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുക.

b) ദയയും ക്ഷമയും – നമുക്ക് എതിരായി നില്കുന്നവരോട് ക്ഷമിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.

c) ദൈവാനുസരണം – ദൈവവചനങ്ങൾ അനുസരിച്ച് ജീവിക്കുക.

d) സഹനശീലം – ലോകത്തിന്റെ ആകർഷണങ്ങളിൽ നിന്ന് വിട്ടുനില്ക്കാൻ മനസ്സിനെ പരിശീലിപ്പിക്കുക.

**10. നോമ്പിന്റെ പാഠങ്ങൾ**

നോമ്പ് ഒരു ആത്മീയ പഠനകാലമാണ്. ഓരോ വർഷവും, ഓരോ വിശ്വാസിയും തന്റെ പാത പരിശോധിക്കേണ്ടതാണ്. ദൈവം നൽകിയ ആലോചനയനുസരിച്ച്, നമ്മുടെയുള്ളിലെ വിശ്വാസം വീണ്ടും തെളിച്ചത്തിനായി നോമ്പ് ഉപയോഗപ്പെടുത്തണം. പാപം മനസ്സിലാക്കാനും, അതിനെ ചെറുക്കാനുമുള്ള ദൈവാനുഗ്രഹമാണ് നോമ്പ്. അതിനാൽ തന്നെ, നോമ്പ് ആചരിക്കു



www.malankaralibrary.com

മ്പോൾ, ദൈവസന്നിധിയിൽ എത്തുന്ന ആനന്ദത്തിനായി പരിശ്രമിക്കേണ്ടതാണ്.

**11. നോമ്പ് ഒരു ആത്മീയ പുനരുജ്ജീവനമാണ്**

ഓരോ മനുഷ്യനും ഈ ദിവ്യവഴിയിൽ സഞ്ചരിച്ചാൽ, ആ ലോകത്തിന്റെ ആനന്ദം ലഭിക്കും. ദൈവത്തോട് അടുക്കാനും, ആത്മീയ ഉണർവ്വ് നേടാനും നോമ്പ് സഹായിക്കുന്നു. ആത്യന്തിക ലക്ഷ്യമായ ദൈവസന്നിധി പ്രാപിക്കാനുള്ള ഉന്മേഷം നോമ്പ് നൽകട്ടെ! ആത്മാവിനെ ജ്വലിപ്പിക്കേണ്ടതിന്റെ ആവശ്യംപരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ ജ്വലിക്കുന്ന തീകനലായിരിക്കണം. അതിനെ നിരന്തരം പ്രാർത്ഥനയാൽ, ഉപവാസത്താൽ, കുർബാനയാൽ, ദൈവവചനം ചിന്തിച്ചുകൊണ്ടും ഉണർത്തിക്കൊണ്ടിരിക്കാൻ നമുക്ക് കഴിയണം. അതിനാലാണ് സഭ പിതാക്കന്മാർ ആഹ്വാനം ചെയ്യുന്നത് നോമ്പ് വെറും ഭൗതിക ക്രിയയായി അല്ല, മറിച്ച് ദൈവാനുഭവം വർദ്ധിപ്പിക്കുന്ന ആത്മീയ യജ്ഞമായി ആചരിക്കേണ്ടതുണ്ടെന്ന്. വലിയ നോമ്പ് (50 നോമ്പ്) അടുത്തെത്തുകയാണ്. കർത്താവിന്റെ കഷ്ടാനുഭവത്തിലേക്കും ഉയിർപ്പിലേക്കും നമ്മെ ആത്മസംശോധനയോടെ ഒരുക്കിക്കൊണ്ടുപോകുന്ന ഒരു അനുഗ്രഹീത കാലഘട്ടമാണിത്. നോമ്പ് ആരംഭിക്കുന്ന ആദ്യ ഞായറാഴ്ച 'പേത്തർത്തോ' ഞായറാഴ്ച എന്നറിയപ്പെടുന്നു. 'പേത്തർത്തോ' എന്നതിന് 'വിടപറയൽ' എന്നാണ് അർത്ഥം. ഇത് സാധാരണ ജീവിതത്തിലെ എല്ലാ ആഘോഷങ്ങളിൽ നിന്നുമുള്ള വേർപാടിനെ സൂചിപ്പിക്കുന്നു. 'നോമ്പ്' എന്നത് 'വർജ്ജിക്കുക' എന്നാണ് അർത്ഥം. ലൗകിക സന്തോഷങ്ങളും ഉല്ലാസങ്ങളും ഉപേക്ഷിച്ച്, ആഹാര നിയന്ത്രണം പാലിച്ച്, ഇന്ദ്രിയങ്ങളെ അടക്കി, ദൈവചിന്തയിലും ധ്യാനത്തിലും പ്രാർത്ഥനയിലും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമയമാണിത്.

നമ്മുടെ മനസ്സും ചിന്തകളും ലൗകിക കാര്യങ്ങളിൽ നിന്ന് ദൈവിക കാര്യങ്ങളിലേക്ക് നിലനിറുത്താനുള്ള പരിശീലനം നോമ്പുകാലം നൽകുന്നു. വർജ്ജിക്കുന്നത് ആർജ്ജിക്കാനാണ് ലൗകിക സുഖങ്ങളെ ത്യജിച്ച് ആത്മീയ മാധുര്യം നേടാനാണ് നോമ്പുകാലം നമ്മെ പ്രേരിപ്പിക്കുന്നത്. ഉപസംഹാരം വലിയ നോമ്പിന്റെ ആത്മീയത വിശാലമായ ഒരു പരിവർത്തനത്തിന്റെ മേഖല വിശ്വാസികൾക്ക് തുറന്നുകൊടുക്കുന്നു. കഠിനമായ ഉപവാസത്തോടും കൃത്യനിഷ്ഠയോടുള്ള യാമനമസ്ക്കാരങ്ങളോടും പരിശുദ്ധമായ കുമ്പസാര കൂദാശയിലൂടെയും യോഗ്യതയോടുള്ള പരിശുദ്ധ കുർബാന അനുഭവത്തിലൂടെയും പഴയ മനുഷ്യനെ ദൂരീകരിച്ച് പുതിയ മനുഷ്യനെ ധരിക്കാൻ വലിയ നോമ്പ് നമ്മെ ക്ഷണിക്കുന്നു. ഏവർക്കും അനുഗ്രഹീതമായ നോമ്പുകാലം ആശംസിക്കുന്നു.

www.malankaralibrary.com





റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

# ജറുസലേമിലെ വി. സിറിൾ

**ആമുഖം**

സഭയുടെ പ്രാരംഭ നൂറ്റാണ്ടുകളിലെ ദൈവശാസ്ത്ര വളർച്ചയിലും ആരാധനക്രമ രൂപീകരണത്തിലും നിർണ്ണായക സ്വാധീനം ചെലുത്തിയ ബിഷപ്പായിരുന്നു ജറുസലേമിലെ വി. സിറിൾ. റോമൻ സാമ്രാജ്യത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ സഭയ്ക്ക് അനുവാദം കിട്ടിയ പ്രസിദ്ധമായ മിലാൻ വിളംബരത്തിന്റെ വർഷത്തിൽ ജനിക്കുകയും (എ. ഡി. 313) ക്രിസ്തീയ വിശ്വാസ ജീവിതത്തിലെ ഏറ്റം പാവനമായ സ്ഥലത്തെ സഭയുടെ അദ്ധ്യക്ഷസ്ഥാനം നീണ്ടകാലം അലങ്കരിക്കുകയും ചെയ്ത പണ്ഡിതനായ വി. സിറിളിന്റെ മതബോധന പ്രസംഗങ്ങളും, ആരാധനക്രമ രചനകളും ഇന്നും വലിയ പ്രാധാന്യം ഉള്ളവയാണ്. വിശുദ്ധ നാട്ടിലെ തീർത്ഥാടന സ്ഥലങ്ങളെ സംരക്ഷിക്കുന്നതിനും അവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. സത്യവിശ്വാസ സംരക്ഷണത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലാതിരുന്നതിനാൽ തന്റെ രൂപതയിൽ നിന്നും മൂന്നു പ്രാവശ്യം നാടുകടത്തപ്പെട്ട സിറിൾ സഹനങ്ങളിലൂടെ ക്രിസ്തുവിനെ സാക്ഷിച്ചവനാണ്. നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ വക്താവായിരുന്ന അദ്ദേഹം കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ സത്യവിശ്വാസം അരക്കിട്ടുറപ്പിക്കുന്നതിനും നേതൃത്വം നൽകി. വിശുദ്ധ കുർബാനയുടെ ആഴവും അർത്ഥവും സാധാരണ വിശ്വാസിക്ക് മനസ്സിലാകുന്ന രീതിയിൽ അദ്ദേഹം അവതരിപ്പിച്ചത് സഭാവിശ്വാസത്തിന്റെ ഉത്തമ മാതൃകയായി പരിണമിച്ചു. വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതമായി വി. സിറിൾ രൂപപ്പെടുത്തിയ മതബോധന പ്രബോധനങ്ങൾ ആഗോളസഭയുടെ ദൈവശാസ്ത്ര സമ്പത്തായി മാറുകയും ചെയ്തു. സഭയുടെ ആരാധനക്രമം, ദൈവ

www.malankaralibrary.com





ശാസ്ത്രം, കൂദാശകൾ എന്നിവയൊക്കെ നാമിന്ന് അറിയുന്ന രീതിയിൽ രൂപപ്പെടുത്തിയതിന് ഈ വിശുദ്ധനോടും നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവ് ജീവിച്ച വിശുദ്ധ നാട്ടിൽ നിന്നുള്ള ഒരേയൊരു വേദപാരംഗതന്റെ ജീവിതവും കൃതികളും അടുത്തറിയുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തെയും കൂടുതൽ അർത്ഥവത്താക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

ജറുസലേം സഭയുടെ അദ്ധ്യക്ഷനാകുന്നതിനു മുൻപുള്ള സിറിളിന്റെ ജീവിതത്തെക്കുറിച്ചു കാര്യമായ ചരിത്ര വിവരങ്ങൾ നമുക്ക് ലഭ്യമല്ല. മഹാനായ കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ ഭരണകാലത്തു വിശുദ്ധ നാട്ടിലെ ഒരു ക്രിസ്തീയ കുടുംബത്തിൽ എ.ഡി. 313-ലാണ് അദ്ദേഹം ജനിച്ചത്. (സിറിളിന്റെ ജന്മവർഷമായി ചില ചരിത്രരേഖകളിൽ എ.ഡി. 315 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.) നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ക്രിസ്തീയ വിശ്വാസം റോമൻ സാമ്രാജ്യത്തിലുടനീളം സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കുകയും അതേത്തുടർന്ന് എല്ലായിടത്തേയ്ക്കും വ്യാപിക്കുകയും ചെയ്തു. രണ്ടര നൂറ്റാണ്ടിലധികം നീണ്ടുനിന്ന ക്രൈസ്തവ പീഢനത്തിൽ നിന്നും വിമോചിതമായെങ്കിലും വലിയ വെല്ലുവിളികളും പ്രതിസന്ധികളും ഈ കാലഘട്ടത്തിൽ സഭയിൽ ഉടലെടുത്തു. വിശ്വാസ സംബന്ധ വിഷയങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടായത് ദൈവശാസ്ത്ര ഭിന്നതകൾക്ക് പുറമെ വലിയ രാഷ്ട്രീയ പ്രതിസന്ധികളും സൃഷ്ടിച്ചു.

മുകളിൽ പറഞ്ഞ ചരിത്ര പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സിറിളിന്റെ ബാല്യകാലത്തെ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. ക്രിസ്തീയ വിശ്വാസത്തിൽ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന് പരിശീലനം ലഭിച്ചിരുന്നു എന്ന് വേണം കരുതാൻ. സിറിളിന്റെ രചനകളിൽ നിന്നും ഗ്രീക്ക് തത്വചിന്തയിലും സാഹിത്യത്തിലും അദ്ദേഹത്തിന് അറിവുണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കും. വി. ലിഖിതങ്ങൾ, ദൈവശാസ്ത്രം, പ്രസംഗകല തുടങ്ങിയ വിഷയങ്ങളിൽ ആഴമായ അറിവ് സമ്പാദിച്ചതിന് ശേഷമാണ് അദ്ദേഹത്തിന് എ.ഡി. 335-ൽ വൈദികപട്ടം നൽകിയത്. സിറിളിന്റെ ദൈവശാസ്ത്ര പരിശീലനം വിശ്വാസ രഹസ്യങ്ങൾ ശരിയായി ഗ്രഹിക്കുന്ന തരത്തിൽ ആഴമുള്ളതായിരുന്നുവെന്ന് പാഷണ്ഡതകൾക്കെതിരെ വി. സിറിൾ നടത്തിയ പോരാട്ടങ്ങളിൽ നിന്നും വ്യക്തമാണ്.




സിറിൾ തന്റെ യൗവ്വനകാലം ജറുസലേമിൽ ചിലവഴിച്ചു എന്നതിന് ധാരാളം തെളിവുകൾ ഉണ്ട്. കോൺസ്റ്റന്റൈൻ ചക്രവർത്തി സഭയ്ക്ക് സ്വാതന്ത്ര്യം നൽകിയതിന് ശേഷം ജറുസലേമിൽ നടത്തിയ പല നിർമ്മാണ പ്രവർത്തനങ്ങൾക്കും അദ്ദേഹം സാക്ഷിയായിരുന്നു. ഗോൽഗോത്തായിൽ ഒരു ദേവാലയം നിർമ്മാണം ആരംഭിച്ചതിനെക്കുറിച്ചും മറ്റും അദ്ദേഹം എഴുതിയിട്ടുണ്ട്. ഈ നഗരത്തിന് മാത്രം അവകാശപ്പെട്ട ചില ആത്മീയ പൈതൃകങ്ങൾ കണ്ടുവളർന്നതുവഴി അതിന്റെ ചൈതന്യത്തിൽ പിന്നീട് ജീവിതത്തിലെ വലിയ വെല്ലുവിളികളുടെമേൽ വിജയം വരിക്കുന്നതിന് സിറിളിന് സാധിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിലെ രക്ഷാകര സംഭവുമായി ബന്ധപ്പെട്ട സ്ഥലത്തു തന്നെ ജനിക്കുകയും ജീവിക്കുകയും ചെയ്ത വ്യക്തി എന്ന നിലയിൽ മറ്റു പല സഭാപിതാക്കന്മാർക്കും അന്യമായിരുന്ന അനുഭവസമ്പത്തിന്റെ ഉടമയും ആയിരുന്നു വി. സിറിൾ.

ഒരു കുട്ടി ആയിരിക്കുമ്പോൾ കാൽവരി മലയിൽ ആദ്യ ദേവാലയം ഉയരുന്നതിന് അദ്ദേഹം സാക്ഷിയായിരുന്നു. പിന്നീട് ഇവിടെത്തന്നെ ഒരു ബിഷപ്പെന്ന നിലയിൽ എ.ഡി. 350-ൽ ഇതിന്റെയെല്ലാം ചുമതലക്കാരനായി ശുശ്രൂഷ ചെയ്യുന്നതിനും അദ്ദേഹത്തിന്

www.malankaralibrary.com



സാധിച്ചു. മാമോദീസയ്ക്കായി ഒരുങ്ങുന്ന അർത്ഥികൾക്കുള്ള ഉപദേശത്തിൽ അദ്ദേഹം ഇവിടെ ഉയരുന്ന ദേവാലയത്തെക്കുറിച്ചു ഇപ്രകാരം എഴുതുന്നു: “ഇപ്പോൾ ഈ ദേവാലയം രാജകീയ സമ്മാനങ്ങളാൽ അലംകൃതമായിരിക്കുന്നു. എന്നാൽ ഇവിടം നേരത്തെ ഒരു പൂന്തോട്ടമായിരുന്നു. അതിന്റെ അടയാളങ്ങൾ ഇപ്പോഴും ഇവിടെ അവശേഷിക്കുന്നു''. അവിടുത്തെ വി. കല്ലറയിൽ മാറ്റങ്ങൾ വരുത്തിയതുകൊണ്ട് കല്ലറയ്ക്കുള്ളിൽ പോയി കാണാൻ നേരത്തെ സാധിക്കുമായിരുന്നത് ഇപ്പോൾ അസാധ്യമാണെന്നും അദ്ദേഹം എഴുതിയിട്ടുണ്ട്.

### ജറുസലേമിലെ ബിഷപ്പ്

ദൈവശാസ്ത്ര തർക്കങ്ങളും രാഷ്ട്രീയ അസ്വസ്ഥതകളും കാര്യമായി നിലനിന്ന എ.ഡി. 350-ലാണ് ജറുസലേം സഭയുടെ അദ്ധ്യക്ഷനായി സിറിൾ നിയമിതനായത്. അവിടുത്തെ ബിഷപ്പായിരുന്ന മാക്സിമസിന്റെ പിൻഗാമിയായിട്ടാണ് സിറിൾ ഈ സ്ഥാനത്തേയ്ക്ക്




വരുന്നത്. സത്യവിശ്വാസത്തെ മുറുകെപിടിച്ചവൻ എന്ന നിലയിലും ആര്യനിസത്തെ ശക്തമായി എതിർത്തവൻ എന്ന നിലയിലും സിറിൾ എല്ലാവർക്കും പ്രിയപ്പെട്ടവൻ ആയിരുന്നു. അജപാലന രംഗത്തെ പരിചയവും, വിശുദ്ധ ഗ്രന്ഥ ത്തിലുള്ള ആഴമായ അറിവും, മാതൃകാപരമായ ജീവിതവും ജനങ്ങൾക്ക് വി. സിറിളിലെ കൂടുതൽ പ്രിയങ്കരനാക്കി. ക്രിസ്തീയ സഭയുടെ ഐക്യത്തിന് വലിയ വെല്ലുവിളി ഉയർത്തിയ ആര്യനിസത്തെ ചെറുത്തു തോൽപ്പിക്കുന്നതിന് ആഴമായ അറിവും ചോദ്യം ചെയ്യാനാവാത്ത ജീവിത വിശുദ്ധിയുമുള്ള ഒരാൾ വേണമെന്ന ചിന്തയാണ് വി. സിറിളിലേക്ക് എത്തുന്നതിന് കാരണമായിത്തീർന്നത്. എന്നാൽ അഭിപ്രായവ്യത്യാസങ്ങൾ നിലനിന്ന സഭയിൽ എല്ലാവരെയും ഉൾകൊള്ളാൻ കഴിവുള്ളവൻ എന്ന ചിന്തയാൽ അദ്ദേഹത്തെ ബിഷപ്പായി തിരഞ്ഞെടുത്തു എന്ന് കരുതുന്ന ചരിത്രകാരന്മാരും ഉണ്ട്.

ഒരു ബിഷപ്പെന്ന നിലയിൽ തന്റെ ജനങ്ങളുടെ ആത്മീയ വളർച്ചയിലും വിദ്യാഭ്യാസ കാര്യങ്ങളിലും അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു. സേസറിയായിലെ ബിഷപ്പായിരുന്ന അക്കായിയൂസ് സിറിളിനെ പല കാരണങ്ങളാൽ എതിർത്തുകൊണ്ടിരുന്നു. നിഖ്യാ സുന്നഹദോസിൽ ജറുസലേം സഭയ്ക്ക് ലഭിച്ച അംഗീകാരവും ഈ എതിർപ്പിന് കരണമായിട്ടുണ്ടെന്ന് കരുതപ്പെടുന്നു. ക്രിസ്തീയ വിശ്വാസത്തിലെ പുണ്യഭൂമിയായ ജറുസലേമിലേക്ക് ധാരാളം വിശ്വാസികൾ തീർത്ഥാടകരായി വരാൻ തുടങ്ങിയ കാലമായിരുന്നു ഇത്. പൗരസ്ത്യ ദേശത്തെ പ്രശസ്ത പണ്ഡിതനും ബിഷപ്പുമായിരുന്ന നീസ്സായിലെ വി. ഗ്രിഗറി എ.ഡി. 380-ൽ വിശുദ്ധനാട് സന്ദർശിച്ചു. തന്റെ രചനകളിൽ ജറുസലേമിലെ സഭയെ വിശ്വാസത്തിൽ അടിയുറച്ച സഭാ സമൂഹമായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ നഗരം കൈയ്യടക്കി ഭരിക്കുന്ന പലരും അധാർമ്മികമായി പ്രവർത്തിക്കുന്നുവെന്നും അദ്ദേഹം എഴുതിയിട്ടുണ്ട്.

ബിഷപ്പായി ചുമതലയേറ്റ ഉടൻതന്നെ ആരാധനയിലും പ്രാർത്ഥനകളിലും വലിയ നവീകരണം കൊണ്ടുവന്ന വിശുദ്ധനാണ് വി. സിറിൾ. സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളിൽ അധിഷ്ഠിതവും അതേസമയം കാലോചിതമായ മാറ്റങ്ങളെ ഉൾകൊള്ളുന്നതുമായിരുന്നു അദ്ദേഹം നടപ്പിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ. ഇത് അക്കാലത്തെ ക്രിസ്തീയ ആരാധനയുടെ മഹത്വം വർദ്ധിപ്പിക്കുകയും അനേകരെ ക്രിസ്തീയ വിശ്വാസത്തിലേക്ക് ആകർഷിക്കുകയും ചെയ്തു.



www.malankaralibrary.com






വിശുദ്ധ കുർബാനയുടെ ആരാധന ക്രമം അദ്ദേഹം പരിഷ്ക്കരിക്കുകയും ആരാധനയുടെ ഓരോ ഭാഗത്തെക്കുറിച്ചും വിശദമായ ദൈവ ശാസ്ത്ര വിശദീകരണം നൽകുകയും ചെയ്തു. വി. കുർബാനയിലുള്ള ക്രിസ്തു സാന്നിധ്യ ത്തെക്കുറിച്ചു തന്റെ ദൈവജനത്തോട് അദ്ദേഹം വാചാലമായി സംസാരിച്ചിട്ടുണ്ട്. ഇതിനായി സാധാരണക്കാർക്ക് മനസ്സിലാക്കുന്നതും എന്നാൽ വലിയ ദൈവീക രഹസ്യങ്ങളുടെ അർത്ഥം ഉൾക്കൊള്ളുന്നതുമായ ഭാഷാ പ്രയോഗങ്ങളും അദ്ദേഹം നടത്തി. എങ്ങനെയാണ് അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീര-രക്തങ്ങളായി പരിണമിക്കുന്നത് എന്ന് അദ്ദേഹം വിശദീകരിച്ചു. ഈ മഹാരഹസ്യം മനസ്സിലാക്കുന്നതിൽ വിശ്വാസ ത്തിന്റെ പങ്കു അദ്ദേഹം എടുത്തുകാട്ടുകയും ഈ പഠനങ്ങളുടെ അനന്തര ഫലമായി ദൈവ ജനത്തിനു വി. കുർബാനയോടുള്ള ഭക്തിയും ബഹുമാനവും വർദ്ധിക്കുകയും ചെയ്തു.

കുർബാനയിൽ വിവിധ അടയാളങ്ങളും പ്രതീകങ്ങളും അദ്ദേഹം വ്യാപകമായി ഉപ യോഗിക്കാൻ തുടങ്ങി. അത് വിശ്വാസികളെ വലിയ രഹസ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ് ചയിലേക്ക് നയിക്കുകയും ആരാധനയിലെ മിസ്റ്റിക്കൽ അംശങ്ങളുടെ പ്രാധാന്യം ബോധ്യ പ്പെടുത്തുകയും ചെയ്തു. കുരിശു വരക്കുന്ന തിന്റെ പ്രാധാന്യവും അർത്ഥവും, വിശുദ്ധ തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നതിന്റെ പ്രാധാന്യം, അൾത്താരയെ ചുംബിക്കുന്ന തിന്റെ അർത്ഥം തുടങ്ങിയവ അദ്ദേഹം തന്റെ പ്രസംഗത്തിലൂടെ ജനത്തിന് വിശദീകരിച്ചു കൊടുത്തു. ഇത് അവരുടെ ആരാധനയിലുള്ള ഭാഗഭാഗിത്വം കൂടുതൽ സജീവവും അർത്ഥ വത്തും ആക്കി.

ജറുസലേമിലെ ബിഷപ്പെന്ന നിലയിൽ യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥല ങ്ങളുടെ പരിപാലന ചുമതലയും അവിടെ നടത്ത പ്പെട്ട ആരാധനകളുടെ ചുമതലയും സിറിളിനാ യിരുന്നു. ഇക്കാലയളവിൽ റോമൻ സാമ്രാജ്യ ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടെ എത്താൻ തുടങ്ങിയ വിശ്വാസികൾക്ക് ആത്മീയ മായ വലിയ അനുഭവമായി ഈ പ്രദേശങ്ങളിലെ ആരാധനകൾ മാറി. രക്ഷാകര ചരിത്രത്തെ ഭൂമിശാസ്ത്രവുമായി ആരാധനയിലൂടെ ബന്ധി പ്പിച്ചുകൊണ്ട്, ക്രിസ്തുവിന്റെ ജീവിതത്തിലെ സംഭവങ്ങളുമായി സംവദിക്കാൻ വിശ്വാസികൾക്ക് അവസരം കൈവന്നു. വലിയ വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടത്തിൽ വിജയകരമായി തന്റെ ദൗത്യം നിർവഹിച്ച സഭാപിതാവാണ് വി. സിറിൾ. അതിനാൽ തന്നെ അദ്ദേഹം നടത്തിയ പല പരിഷ് കാരങ്ങളും ഇന്നും സഭയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ ദൈവശാസ്ത്ര സംഭാവനകൾ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ അംഗീകരിക്കപ്പെട്ടു.

**മൂന്ന് നാടുകടത്തലുകൾ**

നീണ്ട വർഷങ്ങൾ ജറുസലേം സഭയുടെ തലവനായിരുന്നെങ്കിലും വി. സിറിൾ മൂന്ന് പ്രാവശ്യം നാടുകടത്തലിന് വിധേയമാക്ക പ്പെട്ടിട്ടുണ്ട്. എ.ഡി. 358, 360 വർഷങ്ങളിൽ ചുരുങ്ങിയ കാലത്തേക്കും പിന്നീട് 367 മുതൽ 378



www.malankaralibrary.com





വരെ പതിനൊന്ന് വർഷക്കാലവും അദ്ദേഹം പ്രവാസത്തിൽ കഴിഞ്ഞു. സത്യവിശ്വാസ സംരക്ഷണത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാതിരുന്നതിന്റെയും സഹബിഷപ്പിന്റെ അധികാരമോഹത്തിന്റെയും അസൂയയുടെയും അനന്തര ഫലമായിരുന്നു ഈ നാടുകടത്തലുകൾ. ഒന്നാമത്തെ പ്രവാസം സേസറിയായിലെ ബിഷപ്പായിരുന്ന അക്കായിയൂസിന്റെ ശത്രുതയിൽ നിന്നുമായിരുന്നു. അദ്ദേഹം തന്റെ രൂപതയ്ക്കാണ് കൂടുതൽ പ്രാമുഖ്യം എന്ന് അവകാശപ്പെട്ടുകൊണ്ട് ജറുസലേമിന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. എന്നാൽ ദൈവപുത്രന്റെ ഭൂമിയിലെ ജീവിതവുമായി ബന്ധപ്പെട്ട പുണ്യസ്ഥലമെന്ന നിലയിൽ ജറുസലേമിന്റെ പ്രാധാന്യം കുറയ്ക്കുന്ന ഒന്നിനെയും അനുകൂലിക്കാൻ സാധിക്കില്ല എന്ന നിലപാടായിരുന്നു സിറിളിന്റേത്. കൂടാതെ അക്കായിയൂസിന്റെ ആര്യൻ അനുകൂല നിലപാടുകൾ അംഗീകരിക്കാൻ സിറിൾ തയാറാകാതിരുന്നത് പ്രശ്നം കൂടുതൽ വഷളാക്കി.

സിറിളിനെ ഇല്ലാതാക്കാൻ അവസരം പാർത്തിരുന്ന അക്കായിയൂസ് ജറുസലേമിലും പരിസര പ്രദേശങ്ങളിലും ഉണ്ടായ ക്ഷാമത്തെ അദ്ദേഹം കൈകാര്യം ചെയ്ത വിധം മുതലെടുത്തു. മാതൃകാപരമായ പ്രവർത്തനം സിറിൾ നടത്തിയപ്പോൾ അതിൽ തെറ്റുകണ്ടുപിടിക്കാനാണ് അക്കായിയൂസ് ശ്രമിച്ചത്. സഭയുടെ കൈവശമുണ്ടായിരുന്ന പല വിലപിടിച്ച വസ്തുക്കളും വിറ്റ് സിറിൾ പാവങ്ങളെ സഹായിച്ചു. ഈ അവസരത്തിൽ കോൺസ്റ്റാൻസിയൂസ് ചക്രവർത്തിയുടെ പിതാവ് കോൺസ്റ്റന്റീൻ ജറുസലേമിലെ ദേവാലയത്തിലെ ഉപയോഗത്തിനായി നല്കിയ വിലകൂടിയ ഒരു വസ്ത്രം സിറിൾ പാവങ്ങളെ സഹായിക്കാനായി വിറ്റു. ഇത് ബിഷപ്പുമാർക്ക് മാമോദീസാ നൽകുന്ന സമയത്ത് ഉപയോഗിക്കാനുള്ള ഒരു വിശിഷ്ട വസ്ത്രമായിരുന്നു. തത്ഫലമായി തന്റെ അധികാരങ്ങൾ സിറിൾ ദുരുപയോഗിച്ചു എന്ന് ശത്രുക്കൾ പറഞ്ഞുപരത്തുകയും ഇത് അദ്ദേഹത്തിന്റെ വിശ്വാസ്യതയ്ക്ക് മങ്ങലേൽപ്പിക്കുകയും ചെയ്തു. ഈ വസ്ത്രം പിന്നീട് ഒരു നർത്തകന്റെ കൈവശം എത്തുകയും അദ്ദേഹം അതുപയോഗിച്ചു നൃത്തം ചെയ്തപ്പോൾ വീണ് മരണപ്പെടുകയും ചെയ്തു. ഇത് ദൈവീക ശിക്ഷയായി വ്യാഖ്യാനിക്കപ്പെടുകയും ചക്രവർത്തിയോട് മാത്രമല്ല, വിശുദ്ധ വസ്തുക്കളോട് പോലും സിറിളിന് ബഹുമാനമില്ല എന്ന് അക്കായിയൂസും കൂട്ടരുംപറഞ്ഞു പരത്തുകയും ചെയ്തു. ദൈവജനത്തിന്റെ മുൻപിൽ സിറിളിനെ നന്ദി ഹീനനും ദൈവദൂഷകനും ആയി ചിത്രീകരിക്കുന്നതിന് വേണ്ടി ആയിരുന്നു ഇത്തരം കുറ്റാരോപണങ്ങൾ.

എ.ഡി. 357-ൽ അക്കായിയൂസിന്റെ സ്വാധീനത്തിൽ നടന്ന ഒരു സിനഡിൽ സിറിളിന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തെ കുറ്റക്കാരനായി കണ്ടെത്തുകയും ചക്രവർത്തി അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. തത്ഫലമായി ടാർസൂസിലെ ബിഷപ്പായിരുന്ന സിൽവാനോസിന്റെ അടുത്ത് അദ്ദേഹം അഭയം തേടി. പ്രവാസത്തിൽ ആയിരുന്ന സമയത്തും അദ്ദേഹം തന്റെ ജനങ്ങളുമായി കത്തിലൂടെ ബന്ധപ്പെടുകയും സത്യവിശ്വാസത്തിൽ അടിയുറച്ചു ജീവിക്കുന്നതിനായി അവരെ ആഹ്വാനം ചെയ്യുകയും ചെയ്തു.

എ.ഡി. 359-ൽ സെലൂസിയായിൽ വച്ച് നടന്ന ഒരു സിനഡ് സിറിളിനെ നാടുകടത്തിയ തീരുമാനം പിൻവലിച്ചു. മാത്രമല്ല, അകാരണമായി സിറിളിലെ നാടുകടത്തുന്നതിന് നേതൃത്വം നല്കിയ അക്കായിയൂസിനെ സ്ഥാനത്തു നിന്നും പുറത്താക്കുകയും ചെയ്തു. സഭയിലും രാജ്യത്തും

സിറിളിന്റെ നാടുകടത്തൽ പ്രശ്നം സൃഷ്ടിക്കുന്നു എന്ന് തിരിച്ചറിഞ്ഞ ആര്യൻ പക്ഷപാതിയായിരുന്ന ചക്രവർത്തി തന്നെയാണ് എ.ഡി. 359-ൽ അദ്ദേഹത്തെ തിരികെയെത്തിച്ചത്. എന്നാൽ തന്റെ രൂപതയിലേക്കുള്ള അദ്ദേഹത്തിന്റെ മടങ്ങി വരവിന് അൽപായുസേ ഉണ്ടായിരുന്നുള്ളൂ. എ.ഡി. 360-ൽ മറ്റൊരു സിനഡ് ആര്യൻ ബിഷപ്പുമാരുടെ സ്വാധീനത്താൽ സിറിൾ അനുസരണക്കേട് കാണിക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തെ വീണ്ടും നാടുകടത്തി. സഭയിൽ നിലനിന്നിരുന്ന ദൈവശാസ്ത്ര ഭിന്നതയുടെ ഫലമായിട്ടാണ് സിറിളിന് വീണ്ടും പ്രവാസത്തിൽ പോകേണ്ടി വന്നത്. ആര്യനിസത്തെ പിന്താങ്ങുന്ന വാലൻസ് ചക്രവർത്തിയുടെ ഭരണകാലയളവിലാണ് ഈ നാടുകടത്തൽ അരങ്ങേറിയത്. ഇക്കാലമായപ്പോഴേക്കും റോമൻ സാമ്രാജ്യത്തിന്റെ പല ഭാഗത്തും ആര്യൻ വിശ്വാസികൾ പ്രബലപ്പെടുകയും നിഖ്യാവിശ്വാസ പ്രമാണത്തെ അനുകൂലിക്കുന്നവരെ പുറത്താക്കാൻ തുടങ്ങുകയും ചെയ്തു. ആര്യൻ അനുഭാവികൾ കാര്യമായി ഉന്നം വച്ചിരുന്നവരിൽ ഒരാളായിരുന്നു വി. സിറിൾ. ജൂലിയൻ ചക്രവർത്തിയായതിന് ശേഷം 361-ലാണ് സിറിൾ തന്റെ രൂപതയിലേക്ക് വീണ്ടും തിരികെയെത്തുന്നത്. അലക്സാൻഡ്രിയായിലെ അത്തനേഷ്യസിനെപ്പോലെ സത്യവിശ്വാസ സംരക്ഷകനായി എന്നും നിലകൊണ്ടവരുടെ ഗണത്തിൽ വി. സിറിളും ഉൾപ്പെട്ടിരിക്കുന്നു.

**ആകാശത്തു പ്രത്യക്ഷപ്പെട്ട അത്ഭുത കുരിശ്**

എ.ഡി. 351-ൽ ജറുസലേമിലെ ആകാശത്തു തിളങ്ങുന്ന ഒരു കുരിശു രൂപം പ്രത്യക്ഷപ്പെട്ടതായി പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. സഭയ്ക്ക് സ്വാതന്ത്ര്യം നൽകിയ കോൺസ്റ്റന്റീൻ ചക്രവർത്തിയുടെ മകനായ കോൺസ്റ്റാൻസിയൂസ് രണ്ടാമൻ ആയിരുന്നു ഇക്കാലത്തെ റോമൻ ചക്രവർത്തി. ആര്യൻ വിശ്വാസാനുകൂലിയായിരുന്ന അദ്ദേഹം ദൈവശാസ്ത്ര സംവാദങ്ങളിൽ തന്റെ അഭിപ്രായം രേഖപ്പെടുത്തുകയും അങ്ങനെ വിശ്വാസികളെ സ്വാധീനിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. വലിയ അഭിപ്രായ വ്യത്യാസങ്ങൾ നിലനിന്ന കാലത്ത് സത്യവിശ്വാസം സംരക്ഷിച്ചു മുന്നോട്ട് പോകുന്നതിനായി ദൈവം കൊടുത്ത ഒരു അടയാളമായി ഈ അത്ഭുതത്തെ പലരും വ്യാഖ്യാനിച്ചു.

സഭാചരിത്രകാരനായ സേസറിയായിലെ



www.malankaralibrary.com





എവുസേബിയൂസ് രേഖപ്പെടുത്തിയിരിക്കുന്നത് എ.ഡി. 351-ലെ പെന്തക്കുസ്താ കാലയളവിൽ ഈ അത്ഭുതം സംഭവിച്ചു എന്നാണ്. വലിയ ഒരു കുരിശു രൂപം ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. തിളങ്ങുന്ന ഈ കുരിശ് ഗോഗുൽത്തായ്ക്ക് മുകളിലായി ഒലിവ് മലവരെ നീണ്ട വലിയ രൂപമായിരുന്നു. മണിക്കൂറുകളോളം കാണപ്പെട്ട ഈ പ്രതിഭാസം ക്രൈസ്തവരും അക്രൈസ്തവരും കാണുകയുണ്ടായി. വി. സിറിൾ നൽകിയ വിശദീകരണം ഇത് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളുടെ അംഗീകാരമാണെന്നാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെ സ്വർഗ്ഗം അംഗീകരിക്കുന്നു എന്നതിന്റെ തെളിവായി അദ്ദേഹം ഇതിനെ വ്യാഖ്യാനിച്ചു.

ആകാശത്തു ഇത്തരത്തിൽ കുരിശ് പ്രത്യക്ഷപ്പെട്ടത് ജറുസലേം നിവാസികളിൽ ദൈവഭയവും ഭക്തിയും വർധിപ്പിക്കുന്നതിന് കാരണമായി എന്ന് പറയപ്പെടുന്നു. അവിശ്വാസികൾ ഉൾപ്പെടെയുള്ളവർ ദേവാലയത്തിൽ പ്രാർത്ഥനയ്ക്കായി വരികയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. വി. സിറിൾ ഇതിനെക്കുറിച്ച് കോൺസ്റ്റാൻസിയൂസ് ചക്രവർത്തിക്ക് കത്തയയ്ക്കുകയും അതിൽ ആർക്കും നിഷേധിക്കാൻ പറ്റാത്ത ഒരു അടയാളം ദൈവം നമുക്ക് നല്കിയിരിക്കുന്നു എന്ന് എടുത്തു പറയുകയും ചെയ്തു. കൂടാതെ ആര്യൻ വിശ്വാസത്തിൽ നിന്നും മാറി സത്യവിശ്വാസത്തിന്റെ വഴിയേ നടക്കാൻ അദ്ദേഹം ചക്രവർത്തിയെ ഉപദേശിക്കുകയും ചെയ്തു.

ഈ സംഭവം വഴിയായി അനേകർ ക്രിസ്തീയ വിശ്വാസത്തിലേക്ക് വരികയും പല ആര്യൻ അനുഭാവികളും വേദവിപരീതം ഉപേക്ഷിച്ചു സത്യവിശ്വാസത്തെ പുൽകുകയും ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കുരിശിന്റെ പ്രത്യക്ഷീകരണത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥം യേശുവിന്റെ മരണത്തിന്റെമേലുള്ള വിജയം തന്നെയാണ്. പെന്തക്കോസ്തി സമയത്ത് ഇത് സംഭവിച്ചത് പരിശുദ്ധാത്മാവിന്റെ സഭയിലുള്ള പ്രവർത്തനത്തിന്റെ അടയാളമാണ്. ദൈവം അടയാളങ്ങളിലൂടെ വിശ്വാസി ജനത്തെ ശക്തിപ്പെടുത്തുന്നു എന്നും വിശദീകരിക്കാം. വി. സിറിൾ അതേക്കുറിച്ചു ഇപ്രകാരം എഴുതിയിരിക്കുന്നു: "സ്വർഗ്ഗം ദൈവമഹത്വം പ്രഘോഷിക്കുന്നു. കുരിശ് അത് കണ്ട എല്ലാവരുടെയും ഹൃദയത്തെ പ്രകാശിപ്പിക്കുകയും ചെയ്തു." വിശ്വാസികൾക്ക് ഇത് പ്രത്യാശയുടെയും ദൈവീക സാന്നിധ്യത്തിന്റെയും അടയാളമാണ്.

**ആരാധനക്രമ നവീകരണം**

വി. സിറിളിന്റെ ആരാധന ക്രമ നവീകരണ പ്രവർത്തനങ്ങൾ സഭയിൽ വലിയ സ്വാധീനം ചെലുത്തി. പാരമ്പര്യവും നവീകരണവും എങ്ങനെ വിജയകരമായി ആരാധനക്രമ നവീകരണത്തിൽ നടപ്പാക്കാൻ സാധിക്കും എന്നതിന് ഏറ്റം വലിയ ഉദാഹരണമായി സഭാചരിത്രത്തിൽ നിൽക്കുന്ന വ്യക്തിയാണ് വി. സിറിൾ. കുർബാനയുടെ ദൈവശാസ്ത്രം, വിശുദ്ധ അടയാളങ്ങൾ, തീർത്ഥാടനം, തുടങ്ങിയ മേഖലയിൽ അദ്ദേഹം നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ സഭയുടെ ആരാധനക്രമ ജീവിതത്തെ പരിപോഷിപ്പിച്ചു. അത് ഇന്നും ആരാധന ക്രമ മേഖലയിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ബൈസന്റീൻ സഭയും തങ്ങളുടെ ആരാധന ക്രമം നവീകരിക്കുകയും സിറിളിന്റെ ആശയങ്ങളെ സ്വീകരിക്കുകയും ചെയ്തു. ഇത് അവരുടെ ആരാധനക്രമത്തിന്റെ ഭംഗിയും സ്വീകാര്യതയും വർധിപ്പിക്കുകയും ചെയ്തു എന്ന് ചരിത്രകാരന്മാർ പറയുന്നു. വി. സിറിൽ അതീവ ശ്രദ്ധയോടെ ദൈവശാസ്ത്ര സത്യങ്ങൾ മനസ്സിലാക്കി ആരാധനക്രമം രൂപപ്പെടുത്തിയതുവഴി ആരാധന ദൈവവുമായി അടുത്ത ബന്ധം പുലർത്തുന്നതിനുള്ള ഒരു അവസരമായി വിശ്വാസികൾക്ക് അനുഭവപ്പെട്ടു.

വിശുദ്ധവാരത്തിലെ ആരാധനകൾ കൂടുതൽ ക്രമാനുഗതമാക്കി അദ്ദേഹം തന്നെ അവയ്ക്ക് നേതൃത്വം നൽകി. ഇത് യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ആയതിനാൽ വലിയ പ്രാധാന്യം കൈവന്നു. അങ്ങനെ ദുഃഖവെള്ളിയാഴ്ച ആചരണവും ഈസ്റ്റർ ആഘോഷ

www.malankaralibrary.com



ങ്ങളും പ്രത്യേകവിധമായി അദ്ദേഹം നടപ്പിലാക്കി. ഇവിടെയെത്തിയ അനേകം തീർത്ഥാടകർ ഇതിലൊക്കെ ഭക്തിയോടെ സംബന്ധിക്കാനും തുടങ്ങി. അവർ തങ്ങളുടെ ദേശങ്ങളിൽ തിരികെയെത്തി വിശുദ്ധവാര ഭക്ത്യാഭ്യാസങ്ങൾ ജറുസലേമിലെപ്പോലെ ആക്കുന്നതിനായി അധികാരികളെ നിർബന്ധിച്ചു.

സിറിളിന്റെ ഈ പരിഷ്ക്കാരങ്ങൾ അനേകം വിശ്വാസികളെ ജറുസലേമിലെ തീർത്ഥാടന സ്ഥലങ്ങളിലേക്ക് ആകർഷിച്ചു. ക്രിസ്തുവിന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം തുടങ്ങിയ സംഭവങ്ങളുമായി ബന്ധപ്പെട്ടു ഈ സമയത്തു പ്രത്യേക ആരാധനകൾ അദ്ദേഹം രൂപപ്പെടുത്തി. സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ വിശുദ്ധവാര ആരാധനക്രമം അദ്ദേഹം ചിട്ടപ്പെടുത്തിയത്.

അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ച മറ്റൊരു മേഖല വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട പ്രാർത്ഥനകൾ ക്രമപ്പെടുത്തുക എന്നതായിരുന്നു. ക്രിസ്തീയ ആത്മീയ ജീവിതത്തിന്റെ കേന്ദ്രം വി. ബലിയാണ് എന്ന ചിന്തയോടെ അദ്ദേഹം പ്രാർത്ഥനകൾ ചിട്ടപ്പെടുത്തി. ക്രിസ്തുവിന്റെ യഥാർത്ഥ സാന്നിധ്യം വിശുദ്ധ കുർബാനയിലൂടെ നമുക്ക് സംലഭ്യമാകുന്നു എന്ന് അദ്ദേഹം പഠിപ്പിച്ചു. കൂദാശകൾ വിവരിച്ചുകൊടുക്കുന്നതിനായി അദ്ദേഹം ധാരാളം അടയാളങ്ങളും പ്രതീകങ്ങളും പുതിയതായി ഉപയോഗിച്ചു. ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഭാഗഭാഗിത്വമാണ് മാമോദീസായിലൂടെ ലഭിക്കുന്നതെന്നും പരിശുദ്ധാത്മാവിലുള്ള മുദ്രവയ്പാണ് മൂറോനഭിഷേകത്തിൽ നടക്കുന്നതെന്നും അദ്ദേഹം പഠിപ്പിച്ചു. വി. സിറിളിന്റെ ആരാധനക്രമ പരിഷ്ക്കാരങ്ങൾ ജറുസലേമിലെ സഭയിൽ നിന്നും മറ്റു പ്രദേശങ്ങളിലേക്കും വ്യാപിക്കുകയും അതിൽ പലതും ആഗോളസഭയുടെ ഭാഗമാവുകയും ചെയ്തു. വിശുദ്ധ ഗ്രന്ഥത്തിലും കൂദാശാ ദൈവശാസ്ത്രത്തിലും അധിഷ്ഠിതമായ ഈ പരിഷ്ക്കാരങ്ങൾ പൗരസ്ത്യ-പാശ്ചാത്യ സഭകളെ ഒരുപോലെ സ്വാധീനിച്ചിട്ടുണ്ട്. ക്രിസ്തു രഹസ്യങ്ങളെ കേന്ദ്രീകരിച്ചു എങ്ങനെ തന്റെ വിശ്വാസികളെ പഠിപ്പിക്കുകയും നവീകരിക്കുകയും ചെയ്യാം എന്നതിന്റെ ഉത്തമ ഉദാഹരണമായി ഇന്നും സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വിശുദ്ധനാണ് സിറിൾ.



**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

ക്രിസ്തീയ വിശ്വാസത്തിന്റെ വളർച്ചയ്ക്ക് വേണ്ടി ജീവിതം പൂർണ്ണമായും സമർപ്പിച്ച വി. സിറിൾ എ.ഡി. 386-ൽ ജറുസലേമിൽ വച്ചാണ് അന്തരിച്ചത്. ജീവിച്ചിരുന്നപ്പോൾ തന്നെ ക്രിസ്തീയ പുണ്യങ്ങളുടെ വിളനിലമായി കണ്ടിരുന്ന സിറിളിനെ മരണത്തോടെ വിശ്വാസികൾ വിശുദ്ധനായി വണങ്ങാൻ തുടങ്ങി. ക്രിസ്തീയ ദൈവശാസ്ത്ര വളർച്ചയുടെ ആരംഭ കാലഘട്ടത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ വി. സിറിളിനു ലഭിച്ച അംഗീകാരമായിരുന്നു 1883-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ വേദപാരംഗതന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയത്. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിനും എഴുത്തിനും ആഗോള സഭയിൽ കൂടുതൽ അടുത്തറിയുന്നതിന് അവസരമൊരുക്കി. ഒരു പ്രബോധകൻ എന്ന നിലയിലും സത്യവിശ്വാസ സംരക്ഷകൻ എന്ന നിലയിലും വി. സിറിളിനു പൗരസ്ത്യ-പാശ്ചാത്യ സഭകളിൽ വലിയ അംഗീകാരം ലഭിച്ചു. മധ്യകാല-ആധുനിക യുഗത്തിലെ ദൈവശാസ്ത്രജ്ഞരിൽ വളരെയധികം സ്വാധീനം ചെലുത്തിയ ഒരു എഴുത്തുകാരൻ കൂടിയാണ് വി. സിറിൾ. ഇന്നും വി. സിറിളിന്റെ മാതൃക പിന്തുടർന്ന് വിശ്വാസ ജീവിതത്തിലേക്ക് വരുന്നവർക്ക് ആഴമായ ദൈവശാസ്ത്ര പരിശീലന രീതി സഭയിൽ നിലനിൽക്കുന്നു.

**ക്രിസ്തീയ സാഹിത്യ സംഭാവനകൾ**

ക്രിസ്തീയ വിശ്വാസ സംഹിതകളിൽ പലതും രൂപപ്പെടുത്തിയ ആദ്യകാല സഭാപിതാക്കന്മാരിൽ ഒരാളാണ് വി. സിറിൾ. വലിയ ദൈവീക സത്യങ്ങൾ അജപാലന മേഖലയിൽ

www.malankaralibrary.com



എങ്ങനെ പ്രായോഗികമായി വിശദീകരിക്കാൻ സാധിക്കും എന്ന് തെളിയിച്ചിരിക്കുന്നതിലാണ് അദ്ദേഹത്തിന്റെ വിജയം. അറിവ് നൽകുക എന്നതിനേക്കാൾ അദ്ദേഹം ലക്ഷ്യം വച്ചിരുന്നത് മാനസാന്തരത്തിലേക്കു തന്റെ ജനത്തെ നയിക്കുക എന്നതായിരുന്നു. സിറിളിന്റെ ഏറ്റവും അറിയപ്പെടുന്ന പ്രബോധനങ്ങൾ മാമോദീസ സ്വീകരിക്കാൻ ഒരുങ്ങുന്ന അർത്ഥികളെ പഠിപ്പിക്കുന്നതിനായി തയ്യാറാക്കിയ പ്രഭാഷണങ്ങളാണ്. വി. ത്രിത്വം, കൂദാശകൾ, വിശ്വാസപ്രമാണം, ആരാധന തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു അദ്ദേഹം ആധികാരികമായി ഇവിടെ സംസാരിക്കുന്നു. പുതിയതായി ക്രിസ്തീയ വിശ്വാസത്തിലേക്ക് വരുന്നവർ സഭയുടെ അടിസ്ഥാന പ്രമാണങ്ങൾ ശരിയായി അറിയണമെന്നും ധാർമ്മിക മൂല്യങ്ങൾ പാലിക്കണമെന്നും അദ്ദേഹത്തിന് നിർബന്ധമായിരുന്നു.

ദൈവസ്വഭാവം, കൂദാശകൾ, പരിശുദ്ധാത്മാവിന്റെ സ്ഥാനം, വിശ്വാസപ്രമാണങ്ങളുടെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങൾ അദ്ദേഹം പ്രഭാഷണരൂപത്തിൽ കൈകാര്യം ചെയ്തു. ത്രിത്വദൈവശാസ്ത്രം വിശദീകരിക്കുന്നതിന് അദ്ദേഹം നിഖ്യാ പ്രമാണമാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരേസമയം ദൈവശാസ്ത്ര പരവും അജപാലനപരവുമായ അംശങ്ങൾ ഈ പ്രബോധനങ്ങളിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതുകൂടാതെ അദ്ദേഹത്തിന്റെ നിരവധി ലേഖനങ്ങൾ, പ്രസംഗങ്ങൾ, ദൈവീകരഹസ്യങ്ങളെക്കുറിച്ചുള്ള എഴുത്തുകൾ, മാമോദീസ സ്വീകരിച്ചതിന് ശേഷം എങ്ങനെ ജീവിക്കണമെന്നുള്ള ഉപദേശങ്ങൾ തുടങ്ങിയവയും നമുക്ക് ലഭ്യമാണ്.

ഇരുപത്തിനാല് പ്രസംഗങ്ങളിലായി മതബോധന പ്രബോധനങ്ങൾ അദ്ദേഹം വിശദീകരിച്ചു. ഇത് ഇന്ന് ക്രൈസ്തവ ദൈവശാസ്ത്രത്തിൽ ഏറ്റവും ശ്രഷ്ഠമായ കൃതികളിൽ ഉൾപ്പെട്ടിരിക്കുന്നവയാണ്. ഒന്ന് മുതൽ പതിനെട്ട് വരെയുള്ള പ്രഭാഷണങ്ങൾ വലിയ നോമ്പ് സമയത്ത് മാമോദീസ കൂദാശ സ്വീകരിക്കാൻ ഒരുങ്ങുന്ന അർത്ഥികൾക്കായി നൽകിയതാണ്. പത്തൊൻപത് മുതൽ ഇരുപത്തിമൂന്ന് വരെയുള്ള പ്രഭാഷണങ്ങൾ ഈസ്റ്ററിന് ശേഷം പുതിയതായി ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവരെ ദൈവവിശ്വാസത്തിൽ വളർത്താൻ വേണ്ടി തയ്യാറാക്കിയതാണ്. വളരെ അടുക്കും ചിട്ടയോടും ദൈവശാസ്ത്ര സത്യങ്ങൾ വിവരിച്ചിരിക്കുന്ന പ്രഭാഷണങ്ങളാണ് ഇവയെല്ലാം.

**ക്രിസ്തുവിജ്ഞാനീയം**

ക്രിസ്തുവിന്റെ ദൈവത്വം മഹത്വപ്പെടുത്തികൊണ്ട് നിരവധി രചനകൾ വി. സിറിൽ നിർവഹിച്ചിട്ടുണ്ട്. ക്രിസ്തു ദൈവത്തിന്റെ പുത്രൻ ആണെന്നും പിതാവിനോട് സത്തയിൽ സമനും നിത്യനുമാണെന്നും അദ്ദേഹം എഴുതി. നാലാം പ്രഭാഷണത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: ''ദൈവത്തിന്റെ ഏകജാതനായ പുത്രൻ ദത്തെടുക്കപ്പെട്ടവനല്ല, സ്വഭാവത്താൽ തന്നെ യഥാർത്ഥ പുത്രൻ തന്നെ ആകുന്നു.'' ഇത് നിഖ്യാ സുന്നഹദോസിന്റെ പ്രഖ്യാപനത്തോട് ചേർന്നു പോകുന്നതും ആര്യനിസത്തെ പൂർണ്ണമായും തള്ളിപ്പറയുന്നതും ആണ്. അതേസമയം ക്രിസ്തുവിന്റെ മനുഷ്യത്വത്തെയും അദ്ദേഹം ഇതേപോലെ കണക്കാക്കുന്നു. ദൈവത്തിന്റെ വചനം മനുഷ്യ ശരീരം പ്രാപിക്കുകയും സഹിക്കുകയും മരണം വഴി മനുഷ്യകുലത്തെ വീണ്ടെടുക്കുകയും ചെയ്തു. ഇത് കാൽസിഡോണിയൻ കൗൺസിലിന്റെ പ്രബോധനം തന്നെയാണ്. ദൈവവും മനുഷ്യകുലവും തമ്മിലുള്ള ബന്ധത്തിന്റെ മധ്യസ്ഥനാണ് ക്രിസ്തു. അവിടുത്തെ മനുഷ്യാവതാരവും മരണവും ഉത്ഥാനവും സൃഷ്ടിയെ സൃഷ്ടാവുമായി രമ്യതയിൽ ആക്കുന്നു.

**കൂദാശാ ദൈവശാസ്ത്രം**

കൂദാശകളെക്കുറിച്ചു വിശദമായി എഴുതിയിട്ടുള്ള ഒരു ദൈവശാത്രജ്ഞനാണ് വി. സിറിൾ. മാമോദീസ, മൂറോനഭിഷേകം, വി. കുർബാന തുടങ്ങിയ കൂദാശകളെക്കുറിച്ചു അദ്ദേഹം എഴുതിയിരിക്കുന്നത് ആദിമ ക്രൈസ്തവ സഭയുടെ ആത്മീയ ജീവിതത്തെ അടുത്തറി

www.malankaralibrary.com





യുന്നതിനു നമ്മെ സഹായിക്കുന്നു. ഇരുപതാമത്തെ പ്രഭാഷണത്തിൽ അദ്ദേഹം എഴുതുന്നു: "നീ മാമോദീസായിൽ ക്രിസ്തുവിനോടോത്ത് അടക്കപ്പെടുകയും അതിന് ശേഷം അവനോടൊത്ത് പുതിയ ജീവിതത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു." ഇത് മാമോദീസ എന്ന കൂദാശയുടെ നമ്മെ രൂപാന്തരപ്പെടുത്താനുള്ള ശക്തിയാൽ സംഭവിക്കുന്നതാണ്. ഒരുവന്റെ ആത്മീയ പുനർജന്മത്തെയും അവനിലെ പാപം കഴുകിക്കളയാനുള്ള മാമോദീസയുടെ പങ്കിനെയും ഇത് സൂചിപ്പിക്കുന്നു.

ഒരു വിശ്വാസിയെ വിശുദ്ധീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള പരിശുദ്ധാത്മാവിന്റെ പങ്കിനെ എടുത്തു കാണിക്കുന്നതാണ് മൂറോനഭിഷേക കൂദാശയെന്ന് അദ്ദേഹം വിശദീകരിക്കുന്നു. വിശുദ്ധ തൈലം കൊണ്ട് അഭിഷേചിക്കുന്നത് ദൈവീക കൃപകളാൽ നിറയാൻ സഹായിക്കുന്നു. ഇതു വഴിയായി ക്രിസ്തീയ വിശ്വാസിക്ക് തങ്ങളുടെ വിശ്വാസം സ്ഥൈര്യത്തോടെ ജീവിക്കാൻ സാധിക്കുന്നു. ഇരുപത്തൊന്നാം പ്രഭാഷണത്തിൽ അദ്ദേഹം എഴുതുന്നു: "പരിശുദ്ധാത്മാവ് നിന്റെമേൽ വരുന്നു. അവന്റെ മുദ്രയാൽ നീ അഭിഷിക്തനാകുന്നു. അതിനാൽ ക്രിസ്തുവിന്റെ അഭിഷിക്തൻ എന്ന് നീ അറിയപ്പെടുന്നു."

വി. സിറിൽ ഏറ്റം കൂടുതൽ നടത്തിയിരിക്കുന്നത് വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പ്രഭാഷണങ്ങളാണ്. ക്രിസ്തുവിന്റെ വി. കുർബാനയിലുള്ള സാന്നിധ്യത്തെക്കുറിച്ചു തന്റെ പ്രസംഗങ്ങളിൽ അദ്ദേഹം വാചാലാനാവുകയും തന്റേതായ ഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. ഇരുപത്തിരണ്ടാമത്തെ പ്രഭാഷണത്തിൽ അദ്ദേഹം പറയുന്നു: "അപ്പവും വീഞ്ഞും അതായിരിക്കുന്ന അവസ്ഥയിൽ നിങ്ങൾ കാണരുത്. നമ്മുടെ കർത്താവിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അത് ക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും ആകുന്നു." സിറിൽ വിശുദ്ധ കുർബാനയെ വലിയ രഹസ്യവും അതേസമയം ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ അനുഭവവുമായി അവതരിപ്പിക്കുന്നു. ഇതാണ് പിന്നീട് പദാർത്ഥാന്തരീകരണം (transubstantiation) എന്ന പ്രസിദ്ധമായ പ്രയോഗത്തിലൂടെ വിശദീകരിക്കപ്പെട്ടത്.

**സഭാവിജ്ഞാനീയവും യുഗാന്ത ദൈവശാസ്ത്രവും**

ക്രിസ്തുവിൽ ഐക്യപ്പെട്ടിരിക്കുന്ന ഒരു വിശ്വാസ സമൂഹമായിട്ടാണ് സഭയെ വി. സിറിൾ കാണുന്നത്. അപ്പസ്തോലിക പാരമ്പര്യത്തിലൂടെയും കൂദാശകളിലൂടെയുമാണ് ഈ ഐക്യം കൈവരുന്നത്. അതിനാൽ 'എല്ലാ ജനപദങ്ങൾക്കും വേണ്ടിയുള്ള ദൈവത്തിന്റെ ഭവനം' എന്നാണ് അദ്ദേഹം സഭയെ വിളിക്കുന്നത്. ക്രിസ്തുശിഷ്യന്മാരായ അപ്പോസ്തോലന്മാരിലൂടെ പകർന്നു നൽകപ്പെട്ട വിശ്വാസം സംരക്ഷിക്കുക എന്നത് നമ്മെ സംബന്ധിച്ച് പരമപ്രധാനമാണ്. സഭയുടെ പ്രബോധനങ്ങളോട് ചേർന്ന് നിൽക്കാൻ അദ്ദേഹം വിശ്വാസികളെ ആഹ്വാനം ചെയ്തു. കൂദാശയുടെ പരികർമ്മത്തിലൂടെയും തങ്ങളുടെ പ്രബോധനങ്ങളിലൂടെയും സത്യവിശ്വാസം സംരക്ഷിക്കാൻ മെത്രാന്മാർ കടപ്പെട്ടിരിക്കുന്നു. സത്യത്തിലൂടെ ദൈവജനത്തെ നയിക്കുക എന്നതാണ് ഒരു മെത്രാനെന്ന നിലയിൽ തന്റെ വിളിയെന്നും അദ്ദേഹം പറയുന്നു.

മരണാനന്തര ജീവിതത്തെക്കുറിച്ചും അദ്ദേഹം വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവാണ് (Parousia). അവിടുത്തെ രണ്ടാമത്തെ വരവിൽ നാമെല്ലാവരും വിശ്വസ്ത ദാസരെപ്പോലെ ഒരുക്കമുള്ളവരായി കാണപ്പെടണം. ക്രിസ്തു തന്റെ മഹത്വത്തിൽ വീണ്ടും

www.malankaralibrary.com





വരുന്നത് ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കുന്നതിനായിട്ടാണ്. നമ്മുടെ 'ശരീരത്തിന്റെ ഉയിർപ്പ്' ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാണ്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ ഭാഗമാണ് ഈ ഉയിർപ്പ്. അങ്ങനെ ക്രിസ്തു മരണത്തിന്റെമേൽ വിജയം വരിച്ചത് നമുക്കും ആഘോഷിക്കാൻ സാധിക്കുന്നു. പാപം സൃഷ്ടാവിൽ നിന്നും നമ്മെ അകറ്റുന്നതാണ്, എന്നാൽ നിത്യജീവിതം ദൈവത്തോടോത്തുള്ള നമ്മുടെ സ്ഥിരവാസമാണ്.

**ഉപസംഹാരം**

രണ്ടായിരം വർഷത്തെ ക്രിസ്തീയ സഭാചരിത്രത്തിലെ പ്രധാന പ്രബോധകരിൽ ഒരാളായി ജറുസലേമിലെ വി. സിറിളിനെ സഭാചരിത്രകാരന്മാർ കാണുന്നു. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ആധുനിക സഭയിലും വളരെയധികം പ്രസക്തമാണ്. ഇന്ന് വിശ്വാസജീവിതത്തിൽ ആയിരിക്കുന്ന അനേകർക്ക് സഭയുടെ പ്രബോധനങ്ങളിൽ കാര്യമായ അറിവില്ല എന്നത് ക്രിസ്തീയ വിശ്വാസം നേരിടുന്ന വലിയ പ്രതിസന്ധികളിലൊന്നാണ്. ദൈവീക രഹസ്യങ്ങളെ മാനുഷിക ബുദ്ധിയുടെ തലത്തിൽ മാത്രം കാണുന്നതും ആരാധനാപരമായ കാര്യങ്ങൾ ആന്തരീക അർത്ഥം അറിയാതെ ബാഹ്യാചാരങ്ങളിൽ മാത്രം ഒതുക്കി നിർത്തുന്നതും ആത്മീയ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ മേഖലയിലൊക്കെ അനുകരിക്കേണ്ടതും മാതൃകയാക്കേണ്ടതുമായ വിശുദ്ധനാണ് സത്യവിശ്വാസ സംരക്ഷണത്തിനായി തന്റെ ബുദ്ധിയെയും മനസ്സിനെയും പൂർണ്ണമായും വിട്ടുകൊടുത്ത വി. സിറിൾ. അദ്ദേഹത്തിന്റെ മതബോധനപരമായ രചനകളും സത്യവിശ്വാസത്തിനു വേണ്ടിയുള്ള പോരാട്ടങ്ങളും ആരാധനക്രമ നവീകരണങ്ങളും നമ്മെയും പ്രചോദിപ്പിക്കേണ്ടതാണ്.

വിജ്ഞാനത്തിനും ദൈവാത്മാവിന്റെ അഭിഷേകത്തിനായും നിരന്തരം പ്രാർത്ഥിക്കാനായി വി. സിറിൽ തന്റെ ജനത്തോടു ആവശ്യപ്പെടുന്ന ഒരു വിവരണക്കുറിപ്പ് ഇവിടെ കൊടുക്കുന്നു.

"നിങ്ങളുടെ ആത്മാവ് സ്വർഗ്ഗീയ വിത്ത് സ്വീകരിക്കാൻ ധൈര്യപ്പെടട്ടെ, അങ്ങനെ നിങ്ങളിൽ സൽപ്രവൃത്തികൾ തഴച്ചുവളരുകയും നിങ്ങളുടെ അധ്വാനത്തിന്റെ പ്രതിഫലം തക്കസമയത്ത് നിങ്ങൾക്ക് ലഭിക്കുകയും ചെയ്യും. പരിശുദ്ധാത്മാവിനായി നിങ്ങളുടെ ആത്മാവിനെ ഒരുക്കുക. രഹസ്യങ്ങളെ ഭയത്തോടും ഭക്തിയോടും സമീപിക്കുക. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ ഇറങ്ങട്ടെ, നിങ്ങളുടെ ഹൃദയം ദൈവകൃപ സ്വീകരിക്കാൻ ഒരുക്കമുള്ളതായിരിക്കട്ടെ. ആമേൻ."

## ഉപകാരസ്മരണ



ഒരു വിശ്വാസി



ആനുകാലികം

# ആശാ വർക്കർമാർ മാറിനിൽക്കൂ, പിഎസ്സി അംഗങ്ങളുടെ പട്ടിണി ആദ്യം മാറ്റട്ടെ



**ബോബി ഏബ്രഹാം**

എനിക്കറിയാവുന്ന ആശാ വർക്കർ അനിതയാണ് (പേര് മാറ്റിയിട്ടുണ്ട്). നേരത്തേതന്നെ അറിയുന്ന ആളാണെങ്കിലും കോവിഡ് കാലം മുതലാണ് ആശാ വർക്കർ ആണെന്ന് മനസ്സിലായത്. വീടുകളിൽ ക്വാറന്റീൻ ആയവർക്ക് മരുന്ന് എത്തിക്കാൻ അവർ പോകുന്നതും മറ്റും കണ്ട് ചോദിച്ചപ്പോഴാണ് ആശാ വർക്കർ ആയും ജോലി ചെയ്യുന്നുണ്ടെന്നു പറഞ്ഞത്. പിന്നീട് പല വേഷങ്ങളിൽ അനിതയെ കണ്ടു. ചിലപ്പോൾ എന്തെങ്കിലും സർവേയുമായി ബന്ധപ്പെട്ടാവും വരവ്. ഡേറ്റയെല്ലാം മൊബൈൽ ഫോണിൽ ശേഖരിച്ച് തത്സമയം അപ്‌ലോഡ് ചെയ്യണം. (അവർ തട്ടിപ്പ് കാണിക്കുന്നില്ലെന്ന് ഉറപ്പാക്കണമല്ലോ!). ഒരിക്കൽ വന്നത് പ്രായമായ എന്റെ അമ്മയ്ക്ക് എന്തെങ്കിലും സേവനം ഉറപ്പാക്കേണ്ടതുണ്ടോ എന്നറിയാനാണ്. ഇങ്ങനെ മിക്കപ്പോഴും അനിതയെ കാണും. ഭർത്താവ് മരിച്ചു. മകൾ പഠിക്കുന്നു. ചെലവുകളുണ്ട്. വീടുകളിൽ സന്ദർശനത്തിലല്ലെങ്കിൽ അനിത ഹെൽത്ത് സെന്ററിലുണ്ടാവും. ഏതാണ്ട് മുഴുവൻ സമയ (8 മണിക്കൂർ അല്ല) ജോലി. 24 മണിക്കൂറും ജോലിയിലാണെന്നു പറഞ്ഞാൽ അദ്ഭുതമില്ല. രണ്ടാഴ്ച മുമ്പ് അമ്മയുടെ ആവശ്യവുമായി ബന്ധപ്പെട്ടു വിളിക്കുമ്പോൾ അനിത പറഞ്ഞു സമരത്തിലാണ്. എങ്കിലും വിവരം അന്വേഷിച്ചു പറഞ്ഞുതന്നു.

അപ്പോൾ ആശാ വർക്കർമാരുടെ സമരം ശക്തിപ്രാപിച്ചിട്ടില്ല. ഇന്ന് സമരം 14 ദിവസം കഴിഞ്ഞിരിക്കുന്നു. മാന്യമായ വേതനവും ചെയ്ത ജോലിക്കുള്ള വേതനവും തേടിയാണ് അവരുടെ സമരം. അനിതയോട് ഒരിക്കലും എന്താണ് ശമ്പളം എന്നു ചോദിച്ചിട്ടില്ല. ഒരു മാധ്യമപ്രവർത്തകനായിട്ടും അത് ഒരിക്കലും ചോദിക്കാതിരുന്നത് തെറ്റ് തന്നെയാണ്. 7000 രൂപയാണ് മാസം തങ്ങൾക്ക് കിട്ടുന്നതെന്നും അതുതന്നെ കുടിശികയാണെന്നുമാണ് ആശാ വർക്കർമാർ പറയുന്നത്. എന്നാൽ സർക്കാർ പറയുന്നത് 13000 രൂപ മാസം കൊടുക്കുന്നു എന്നാണ്. 7000 രൂപയാണെങ്കിൽ ദിവസ വേതനം കഷ്ടിച്ച് 230 രൂപ. സർക്കാർ പറയുന്നതുപോലെ 13000 രൂപയാണെങ്കിൽ ദിവസം 430 രൂപ. (ഞാൻ പരിചയപ്പെട്ട ആശാ വർക്കർമാർക്കാർക്കും ഇത്രയും കാശ് കിട്ടുന്നില്ല). ദിവസ വേതനത്തിനു ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ദിവസം 1000 രൂപ മിനിമം

www.malankaralibrary.com




കിട്ടുന്നുണ്ട്. അതുംപോരാഞ്ഞ് അവർക്ക് റേഷൻ കൂടി ഉറപ്പാക്കാനാണ് ശ്രമം. അപ്പോഴാണ് 230 രൂപ വേതനത്തിൽ ഈ ആശ വർക്കർമാർ ജോലി ചെയ്യേണ്ടിവരുന്നത്.

ആശാ വർക്കർമാരുടെ ജോലി എന്താണ് എന്ന് അറിയുന്നവർ ചുരുക്കമാണ്. നമ്മുടെ ആരോഗ്യ സംവിധാനത്തിലെ ഏറ്റവും സുപ്രധാനമായ പങ്ക് വഹിക്കുന്നവരാണ് അവർ. വീടുകൾ തോറും കയറിയിറങ്ങി ആരോഗ്യ ബോധവത്കരണം, ആളുകളെ തൊട്ടടുത്ത ആരോഗ്യ കേന്ദ്രവുമായി ബന്ധിപ്പിക്കൽ, നവജാത ശിശുക്കൾക്ക് ആവശ്യമായ ശുശ്രൂഷ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കൽ, വയോധികർക്ക് ആവശ്യമായ പരിചരണം ഉറപ്പാക്കൽ തുടങ്ങിയവയാണ് പ്രാഥമിക ഉത്തരവാദിത്തങ്ങൾ. നിർമാർജനം ചെയ്തു എന്നു പറയുന്ന രോഗങ്ങൾ തിരികെ വരുന്നുണ്ടോ എന്നു നിരീക്ഷിക്കൽ തുടങ്ങി ഇവരുടെ ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച് നീണ്ട വാറോലകൾ സർക്കാർ പുറത്തിറക്കിയിട്ടുമുണ്ട്. അതെല്ലാം കൃത്യമായി ചെയ്യണം. പക്ഷേ, വേതനം (അല്ല, ഓണറേറിയം) മാത്രം ചോദിക്കരുത്. ദിവസം 230 രൂപയ്ക്ക് ഇത്രയേറെ ഉത്തരവാദിത്തങ്ങൾ വഹിക്കേണ്ട വേറെ ആരുണ്ട് എന്നറിയില്ല.

എന്നാൽ കേരളത്തിലെ ആരോഗ്യമേഖലയിൽ സുപ്രധാനമായ പങ്ക് വഹിക്കുന്ന ആശാ വർക്കർമാരുടെ കാര്യം പരിഗണിക്കാൻ തയാറല്ലാത്ത സർക്കാർ ഈ സമരം രാഷ്ട്രീയപ്രേരിതമാണെന്ന് പറഞ്ഞ് ഒഴിയാനുള്ള ശ്രമത്തിലുമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വേതനം ആശാ വർക്കർമാർക്ക് ലഭിക്കുന്നത് കേരളത്തിലാണെന്നാണ് സർക്കാർ അവകാശവാദം. അടിസ്ഥാന മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വേതന കാര്യത്തിൽ എപ്പോഴും ഈ വരട്ടുവാദങ്ങൾ ഉയരാറുണ്ട്. ഇത്രയും കാലം ആശാ വർക്കർമാർ എന്നാൽ കേരളം ആവിഷ്കരിച്ചതാണെന്നു മേനി നടിച്ചവർ പോലും പറയുന്നത് കേന്ദ്രം തരാത്തതുകൊണ്ടാണ് വേതനം നൽകാൻ പറ്റാത്തതെന്നാണ്. അതുകൊണ്ട് കേന്ദ്രത്തിനെതിരെ സമരം ചെയ്യാൻ ഡൽഹിയിൽ പോകാമെന്നാണ് ആരോഗ്യ മന്ത്രി പറയുന്നത്. സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യാതെ തൊട്ടടുത്തുള്ള ഏജീസ് ഓഫിസിനു മുന്നിൽ സമരം ചെയ്യാനാണ് മുൻ ധന മന്ത്രി തോമസ് ഐസക്കിന്റെ ഉപദേശം. അതായത് നിശ്ചയദാർഢ്യത്തോടെ ഈ സമരം അടിച്ചൊതുക്കുമെന്ന മുന്നറിയിപ്പാണ് ഇതിലൂടെ മുഴങ്ങുന്നതെന്നു വ്യക്തം.

2022ൽ ആണ് സിഐടിയു നേതൃത്വത്തിൽ ആശാ വർക്കർമാരുടെ അവകാശത്തിനായി ആശാ വർക്കേഴ്സ് ആൻഡ് ഫെസിലിറ്റേറ്റേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ എന്ന സംഘടനയുണ്ടാക്കിയത്. സിപിഎം കേന്ദ്ര കമ്മിറ്റി അംഗങ്ങൾക്കാണ് സംഘടനയുടെ ചുമതല. തുടർന്ന് 2023ൽ മാസ ശമ്പളം 26000 രൂപയാക്കണമെന്നു പറഞ്ഞ് ഡൽഹിയിൽ സമരം നടത്തിയിരുന്നു. പിന്നീട് ഹരിയാനയിലും ബിഹാറിലും മധ്യപ്രദേശിലും സമരം നടന്നു. അന്നൊന്നും ഡൽഹിയിൽ മാത്രമാണ് സമരം ചെയ്യേണ്ടതെന്ന അഭിപ്രായം സിപിഎമ്മിന് ഉണ്ടായിരുന്നില്ല. കേരളത്തിൽ സമരം വരുമ്പോൾ മാത്രം പെട്ടെന്ന് നിലപാട് മാറുന്നത് ഇവിടെ അധികാരം ഉള്ളതുകൊണ്ടുമാത്രമാണ്.

ആശാ വർക്കറായി നടന്നാൽ വീട്ടിലെ കാര്യം കഷ്ടത്തിലാകുമെന്ന അറിയാവുന്നവർ പലരും ഇപ്പോൾ മറ്റു ജോലികൾക്കും പോവുകയാണ്. അല്ലാതെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവില്ല. ഇതിനിടയിൽ സമയം കണ്ടെത്തി ആശാ വർക്കറുടെ ചുമതലകൾ മുഴുവൻ നിറവേറ്റുകയും വേണം. അവരോട് ചെയ്യാൻ പറഞ്ഞിട്ടുള്ളതിൽ ഏതിലെങ്കിലും മുടക്കം വന്നാൽ ഈ 7000 രൂപയിൽ നിന്ന് നിശ്ചിത തുക കുറവുചെയ്യും. നീതി നടപ്പാകണമല്ലോ!

കഴിഞ്ഞ കുറച്ചുകാലമായി കേരളത്തിൽ അവകാശ സമരങ്ങളോടുള്ള സമീപനം ഇതാണ്. സമരം ചെയ്യാൻ പോലും അവകാശമില്ലെന്ന നിലപാട്. അടുത്തിടെ മൂന്നാറിൽ ഒരു പ്രതിഷേധം നടന്നു. സഞ്ചാരികൾക്കായി അവിടെ കെഎസ്ആർടിസി ഡബിൾ ഡക്കർ ബസ് ഇറക്കിയത് തങ്ങളുടെ അന്നം മുട്ടിക്കുമെന്നു പറഞ്ഞ് ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികൾ മന്ത്രിക്കെതിരെ പ്രതിഷേധിച്ചു. മൂന്നാറിലെ ടാക്സി തൊഴിലാളികൾ അമിത നിരക്ക് ഈടാക്കുന്നു എന്നും മറ്റും പരാതിയുണ്ട്. എന്നാൽ അതിൽ നിയമപരമായ നടപടിയൊന്നും എടുത്ത

www.malankaralibrary.com



തായി അറിവില്ല. എന്നാൽ മന്ത്രിക്കെതിരെ പ്രതിഷേധം ഉയർന്നതോടെ മോട്ടർ വാഹന ഉദ്യോഗസ്ഥർ ഉടൻ തെരുവിലിറങ്ങി സകല ഓട്ടോറിക്ഷകളും ടാക്സികളും പരിശോധിച്ചു. പലവിധ നിയമലംഘനങ്ങൾ ചൂണ്ടിക്കാട്ടി 20 ലക്ഷത്തിലേറെ ഫൈൻ ഈടാക്കിയെന്നാണ് വിവരം. സന്ദേശം വ്യക്തമാണ്. സമരം ചെയ്താൽ ഇതായിരിക്കും നടപടി. മര്യാദയ്ക്ക് മിണ്ടാതിരുന്നോണം. സമര പാരമ്പര്യം പറയുന്ന ഒരു ഇടതുപക്ഷ സർക്കാരിൽ നിന്നാണ് ഈ നടപടി.

കെഎസ്ആർടിസി ജീവനക്കാരുടെ കാര്യം വലിയ കഷ്ടത്തിലാണെന്ന് എല്ലാവർക്കും അറിയാം. എല്ലാ മാസവും ഒന്നാം തീയതി തന്നെ ഒറ്റത്തവണയായി ശമ്പളം നൽകുമെന്ന് മന്ത്രി 50 തവണയെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ട്. പക്ഷേ, ഇന്നുവരെ നടപ്പായിട്ടില്ല.പെൻഷൻകാരുടെ കാര്യം അതിലും കഷ്ടമാണ്. ഇടയ്ക്കിടെ ജീവനക്കാർ പ്രതിഷേധിക്കാറുണ്ടെങ്കിലും ഫലമില്ല. ഇതിനിടെ ജീവനക്കാർ സമരം പ്രഖ്യാപിച്ചു. പതിവുപോലെ ഭരണാനുകൂല യൂണിയനുകൾ സമരത്തിൽ നിന്നു വിട്ടുനിന്നെന്നു മാത്രമല്ല, കഴിയുന്നത്ര താൽക്കാലിക ജീവനക്കാരെ ഇറക്കി സർവീസ് മുടങ്ങാതെ നടത്താൻ സർക്കാരിനൊപ്പം നിൽക്കുകയും ചെയ്തു. അതായത് സമരം പൊളിക്കുന്നതിലായിരുന്നു ശ്രദ്ധ.

സർക്കാർ ജീവനക്കാരുടെ അവകാശത്തിൽ പെടുന്നതാണ് ക്ഷാമബത്ത. നിലവിൽ കേരളത്തിൽ അത് 22 ശതമാനം കുടിശികയാണ്. വേറെ ഏതെങ്കിലും സർക്കാരാണ് ഭരിക്കുന്നതെങ്കിൽ കേരളം സ്തംഭിക്കുമായിരുന്നു. പക്ഷേ, ഭരണാനുകൂലികളാണ് ജീവനക്കാരുടെ വലിയ സംഘടനകളെല്ലാമെന്നതിനാൽ സമരം നടക്കില്ല. ഇതിനിടെ പ്രതിപക്ഷാനുകൂല സംഘടനകൾ സമരത്തിനിറങ്ങിയപ്പോൾ ഡയസ് നോൺ ഏർപ്പെടുത്തിയാണ് സർക്കാർ നേരിട്ടത്. സമരത്തെ നേരിടാൻ ഡയസ് നോൺ പാടില്ലെന്ന പഴയ നയമൊക്കെ പരണത്തുവച്ചു.

ഈ പറഞ്ഞവരൊക്കെ ചെറിയ തോതിലെങ്കിലും വേതനം വല്ലപ്പോഴും ലഭിക്കുന്നവരാണ്. എന്നാൽ കേരളത്തിൽ എയ്ഡഡ് മേഖലയിൽ നിയമനം കിട്ടിയ 16000 അധ്യാപകർ ശമ്പളമില്ലാതെ കഴിഞ്ഞ 5 വർഷത്തിലേറെയായി ജോലി ചെയ്യുന്നവരാണ്. സ്ഥിരം ഒഴിവിൽ നിയമിതരായവർക്കുപോലും നിസാര കാരണങ്ങൾ പറഞ്ഞ് അംഗീകാരം നിഷേധിക്കുന്നു. പിന്നെ ആ ഫയൽ നീങ്ങില്ല. അങ്ങനെയാണ് താമരശേരിയിൽ കഴിഞ്ഞ ദിവസം ഒരു അധ്യാപിക നിരാശപൂണ്ട് ആത്മഹത്യയിൽ അഭയം തേടിയത്. എയ്ഡഡ് അധ്യാപക നിയമനം അംഗീകരിക്കാത്തതിന് കാരണമായി സർക്കാർ ആശ്രയിക്കുന്നത് ഭിന്നശേഷി സംവരണം നിയമനത്തിൽ പാലിക്കണമെന്ന കോടതി ഉത്തരവിനെയാണ്. അന്വേഷണത്തിൽ വ്യക്തമാകുന്നത് മാനേജ്മെന്റുകൾ തയാറാണെങ്കിലും യോഗ്യതയുള്ള ഭിന്നശേഷിക്കാരെ കിട്ടാനില്ലെന്നാണ്. അതുകൊണ്ടുതന്നെ പല മാനേജ്മെന്റുകളും ഈ നിയമനം സർക്കാർ ഏറ്റെടുത്തു നടത്തണമെന്ന് നിർദേശം മുന്നോട്ടു വച്ചു. എന്നാൽ അതും പരിഗണിക്കപ്പെട്ടില്ല. ഫലത്തിൽ കോടതി ഉത്തരവ് മറയാക്കി എയ്ഡഡ് മേഖലയിൽ നിയമന നിരോധനം തന്നെ അടിച്ചേൽപിച്ചിരിക്കുന്നു. വിരമിക്കൽ മൂലം ഉണ്ടാകുന്ന സ്ഥിരം തസ്തികകളിൽ നിയമിതരാകുന്നവർക്കുപോലും അംഗീകാരമില്ല. ആരെയും നിയമിക്കാതിരുന്നാൽ കുട്ടികളുടെ സ്ഥിതി കഷ്ടത്തിലാവും. നിയമിച്ചാൽ നിയമിതരാകുന്നവരുടെ കാര്യം കഷ്ടത്തിലാവും. പക്ഷേ, ഇത്രയും പേർക്ക് ശമ്പളം കൊടുക്കാതിരിക്കാനുള്ള സുവർണാവസരമായാണ് സർക്കാർ അതിനെ കാണുന്നതെന്നു തോന്നും. അല്ലെങ്കിൽ ഈ സ്ഥിതിവിശേഷം മറികടക്കാൻ ശ്രമമുണ്ടായേനേ.

ഇവരുടെയൊക്കെ കാര്യത്തിൽ നിസംഗമാണെങ്കിലും സർക്കാർ ഉണർന്നെഴുന്നേൽക്കുന്ന ചില സന്ദർഭങ്ങളുണ്ട്. പാവപ്പെട്ട പിഎസ്സി അംഗങ്ങളുടെയും മറ്റും കാര്യത്തിലാണത്. ഈ കൊച്ചുകേരളത്തിൽ 21 പിഎസ്സി അംഗങ്ങളെയാണ് നിയമിക്കുന്നത്. നിലവിൽ ഇതിൽ ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നു. അടുത്തിടെ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളത്തിൽ വലിയ വർധന വരുത്തിയിട്ടുണ്ട്. ഒരാൾക്ക് ഏകദേശം 1.6 ലക്ഷത്തോളം. അതായത് ചെയർമാന് നേരത്തേ രണ്ടര ലക്ഷമായിരുന്നു പ്രതിമാസമെങ്കിൽ ഇപ്പോഴത് 4 ലക്ഷത്തിലെത്തി. അംഗങ്ങളുടേത് മൂന്നേമുക്കൽ ലക്ഷത്തിനടുത്തായി. ഇതിനു പുറമേ വീട്, കാറ്, ഡ്രൈവർ, യാത്രാബത്ത തുടങ്ങിയ ആനുകൂല്യങ്ങളുമുണ്ട്. വിരമിച്ചാൽ ഏതാണ്ട് രണ്ടുലക്ഷം രൂപയോളം മാസം പെൻഷൻ. ആജീവനാന്ത മെഡിക്കൽ പരിരക്ഷ പരിധിയില്ലാതെ ലഭിക്കും. ഇനി ഈ തസ്തികയിലെത്താനുള്ള യോഗ്യത എന്താണെന്നു വച്ചാൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽ നേതാവിന്റെ ഇഷ്ടക്കാരാനായാൽ മതി. ഇവരിൽ മിക്കവരെയും

www.malankaralibrary.com




പൊതുസമൂഹം അറിയുകപോലും ഇല്ല. ശമ്പള വർധനവിനായുള്ള ഇവരുടെ അപേക്ഷയൊക്കെ എത്ര എളുപ്പത്തിലാണ് പരിഗണിക്കുന്നതെന്നത് അദ്ഭുതപ്പെടുത്തും. അതിനെ ന്യായീകരിക്കാൻ ധന മന്ത്രി തന്നെ മുന്നിലുണ്ടാവും. ഇത്തരത്തിൽ ഒട്ടേറെ കമ്മിഷനുകൾ ഉണ്ടാക്കി രാഷ്ട്രീയക്കാരെ കുടിയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ കോടികൾ പൊടിക്കാമെന്നല്ലാതെ പൊതുജനത്തിനു പ്രത്യേകിച്ചു പ്രയോജനമൊന്നുമില്ല. പല കമ്മിഷനുകളുടെയും ഉത്തരവുകൾക്ക് അതിറക്കുന്ന കടലാസിന്റെ വില പോലും ഉദ്യോഗസ്ഥർ കൽപിക്കാറുമില്ല.

ഇതിനിടെ ഡൽഹിയിലെ സർക്കാരിന്റെ പ്രത്യേക പ്രതിനിധിയെ നിലനിർത്താനായി ലക്ഷങ്ങൾ ഓണറേറിയം ആയും യാത്രാ അലവൻസായും സർക്കാർ ചെലവാക്കുന്നുണ്ട്. അതു പോരാ എന്നു തോന്നിയതുകൊണ്ടാവും യാത്രാ ആനുകൂല്യത്തിൽ തന്നെ ഇരട്ടിയിലേറെ വർധന ശുപാർശ ചെയ്തിട്ടുമുണ്ട്. ഇത്രയും മുടക്കി നിലനിർത്തുന്ന പ്രതിനിധി കേരളത്തിനായി എന്തു സേവനമാണ് ചെയ്യുന്നതെന്ന് ആർക്കുമറിയില്ലതാനും. ആശാ വർക്കർമാരും അധ്വാനിക്കുന്നവരുമൊക്കെ തുലയട്ടെ. സർക്കാരിനു പരിഗണിക്കാൻ ഇതുപോലെ വരേണ്യരുടെ നീറുന്ന പ്രശ്നങ്ങൾ ഏറെയുണ്ട്.

**മേമ്പൊടി**

കാടും മലകളും മുഴുവൻ കുത്തകകൾക്ക് ഖനനത്തിനും റോഡുകൾ മുഴുവൻ കുത്തകകൾക്ക് ടോൾ പിരിക്കാനും വിട്ടുകൊടുത്ത യൂണിയൻ സർക്കാർ ഇനി കണ്ടുവച്ചിരിക്കുന്നത് കടലുകളാണ്. കാടും മലകളും ഇഷ്ടാനുസരണം ഉഴുതുമറിക്കുന്നതിൽ എതിർപ്പുയരാതിരിക്കാൻ വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. നിയമം ആവശ്യാനുസരണം ഭേദഗതി ചെയ്തും എതിർപ്പുയർത്തുന്നവരെ ശക്തമായി നേരിട്ടും എല്ലാം ഭദ്രമാക്കി. ഇനി കടൽ ഖനനം ചെയ്യാൻ പോവുന്നു. കേരള തീരം ആണ് ആദ്യം കണ്ണുവച്ചിരിക്കുന്നത്. കടൽ കൊണ്ടു ജീവിക്കുന്ന ലക്ഷക്കണക്കിനു മനുഷ്യരുണ്ട്. കടൽകൊണ്ടു ജീവിക്കുന്ന ലക്ഷക്കണക്കിന് ജലജീവികളുണ്ട്. വലിയൊരു ആവാസ വ്യവസ്ഥയുമാണത്. അത് ആഴത്തിൽ ഉഴുതുമറിക്കാനാണ് നീക്കം. പണ്ട് ആഴക്കടൽ ട്രോളിങ്ങിന് അനുമതി നൽകിയതിനെതിരെ വലിയ പ്രക്ഷോഭമുണ്ടായ നാടാണിത്. അവിടേക്കാണ് ഒരു മടിയുമില്ലാതെ കുത്തകകളുടെ താൽപര്യം അനുസരിച്ചു മാത്രം തീരുമാനമെടുക്കുന്നത്. ലക്ഷക്കണക്കിനു ജനങ്ങളുടെ ആഹാരത്തിന്റെ ഭാഗമാണ് കടൽ മത്സ്യങ്ങൾ. അതും ഇനി കിട്ടാക്കനിയാവും. കടൽ കൊണ്ടു ജീവിക്കുന്ന ലക്ഷക്കണക്കിനു തൊഴിലാളികളും പട്ടിണിയിലാവും. ഈ കണ്ട മനുഷ്യരുടെയെല്ലാം ജീവിതം കോഞ്ഞാട്ടയാക്കിയാലും വേണ്ടില്ല, കച്ചവടം പൊടിപൊടിക്കണം എന്നാണ് യൂണിയൻ സർക്കാരിന്റെ താൽപര്യം എന്നു തോന്നുന്നു. കുത്തക മുതലാളിമാരുടെ പട്ടിണി മാറ്റാൻ ശ്രമിക്കുന്നതിനിടയിൽ സാധാരണ ജനത്തിനെന്തു കാര്യം. അവരൊക്കെ പോയി ആത്മഹത്യ ചെയ്യട്ടെ. ഇത്തരം കാതലായ പ്രശ്നങ്ങൾ മറച്ചുവയ്ക്കാനായി ത്രിഭാഷാ പദ്ധതി തുടങ്ങിയ പഴയ ആയുധങ്ങൾ പൊടിതട്ടിയെടുക്കുന്നുണ്ട്. കേരളം വലിയ കടൽ പ്രക്ഷോഭത്തിലേക്കും തമിഴ്നാട് ഭാഷാ പ്രക്ഷോഭത്തിലേക്കുമാണ് നീങ്ങുന്നതെന്നു തോന്നുന്നു.

www.malankaralibrary.com





# സുരക്ഷിത ജീവിതം ശക്തമായ കുടുംബം പ്രത്യാശ നിറഞ്ഞ ജീവിതം



**സാബു ജോസ്**
സീറോ മലബാർ സഭയുടെ
പ്രൊ ലൈഫ് അപ്പോസ്തലറ്റ് എക്സിക്യൂട്ടീവ് സെക്രട്ടറി,
കെസിബിസി പ്രൊലൈഫ് സമിതിയുടെ ആനിമേറ്റർ

മംഗളവാർത്ത ദിനമായ മാർച്ച് 25-ന് ജീവന്റെ സന്ദേശം വ്യക്തമാക്കുവാൻ പ്രൊ ലൈഫ് ദിനം സഭ ആഘോഷിക്കുന്നു.

സുരക്ഷിതവും അനിശ്ചിതത്വവും നിറഞ്ഞ ഇന്നത്തെ വേഗതയേറിയ ലോകത്ത്, അർത്ഥവത്തായതും ലക്ഷ്യബോധമുള്ളതുമായ ഒരു ജീവിതത്തിന് സുരക്ഷിതമായ ഒരു അന്തരീക്ഷം വളർത്തിയെടുക്കുക, കുടുംബബന്ധങ്ങൾ വളർത്തിയെടുക്കുക, പ്രത്യാശ നിലനിർത്തുക എന്നിവ അത്യാവശ്യമാണ്. മനുഷ്യജീവനെ സ്നേഹിക്കാനും ആദരിക്കാനും സംരക്ഷിക്കാനും ഉചിതമായ ദർശനം നൽകേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണ്. ഗർഭധാരണ നിമിഷം മുതൽ സ്വാഭാവിക മരണം വരെയുള്ള മനുഷ്യജീവിതത്തിന്റെ പവിത്രതയാണ് ഇതിന്റെ കാതൽ. യഥാർത്ഥത്തിൽ സുരക്ഷിതവും പ്രത്യാശയുള്ളതുമായ ഒരു ലോകം എല്ലാ ജീവിതങ്ങളെയും വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒന്നായിരിക്കണം.

**1. ജീവന്റെ സുരക്ഷിതത്വം.**

സുരക്ഷിതമായ ഒരു ജീവിതത്തിന്റെ അടിത്തറ സുരക്ഷ ശാരീരിക സുരക്ഷയ്ക്കപ്പുറം പോകുന്നു; അത് വൈകാരികവും സാമ്പത്തികവും ആത്മീയവുമായ ക്ഷേമത്തെ ഉൾക്കൊള്ളുന്നു. സുരക്ഷിതമായ ഒരു ജീവിതം എന്നാൽ നമ്മുടെ വീടുകളിലോ സമൂഹങ്ങളിലോ ബന്ധങ്ങളിലോ ആകട്ടെ, ഭയമില്ലാതെ ജീവിക്കുക എന്നതാണ്. സുരക്ഷിതമായ ഒരു ജീവിതത്തിന്റെ പ്രധാന ഘടകങ്ങൾ ഇവയാണ്:

വിശ്വാസവും ധാർമ്മികതയും-വിശ്വാസവും മൂല്യങ്ങളും നയിക്കുന്ന ശക്തമായ ഒരു ധാർമ്മിക അടിത്തറ, നമ്മെയും മറ്റുള്ളവരെയും സംരക്ഷിക്കുന്ന ധാർമ്മിക തിരഞ്ഞെടുപ്പുകൾ നടത്തുന്നുവെന്ന് ഉറപ്പാക്കുന്നു. ഇതിൽ ഓരോ മനുഷ്യ ജീവിതത്തിന്റെയും, പ്രത്യേകിച്ച് ഏറ്റവും ദുർബലരായ-ജനിക്കാത്തവരുടെയും അന്തസ്സിനെ ബഹുമാനിക്കുന്നത് ഉൾപ്പെടുന്നു.അമ്മയുടെ ഉദരത്തിൽ കുഞ്ഞ് സുരക്ഷിതമായി വളരണം.

www.malankaralibrary.com


വൈകാരിക സുരക്ഷ-ആരോഗ്യകരമായ ബന്ധങ്ങളും മാനസിക ക്ഷേമവും സുരക്ഷിതത്വബോധത്തിന് നിർണായകമാണ്. തുറന്ന ആശയവിനിമയം, വിശ്വാസം, പരസ്പര ബഹുമാനം എന്നിവ വൈകാരിക സ്ഥിരതയെ ശക്തിപ്പെടുത്തുന്നു.

സാമ്പത്തിക സ്ഥിരത-സാമ്പത്തിക ബാധ്യതകളില്ലാത്ത, നന്നായി ആസൂത്രണം ചെയ്ത ജീവിതം, വ്യക്തികളെ അതിജീവനത്തേക്കാൾ വളർച്ചയിലും സേവനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ അനുവദിക്കുന്നു. ഇതിൽ ഗർഭിണികളായ അമ്മമാരെ പിന്തുണയ്ക്കുന്നതും, അവർക്ക് ജീവിതം തിരഞ്ഞെടുക്കാനുള്ള വിഭവങ്ങളും പ്രോത്സാഹനവും ഉറപ്പാക്കുന്നതും ഉൾപ്പെടുന്നു.

**2. ശക്തമായ ഒരു കുടുംബത്തിന്റെ കരുത്ത്**

കുടുംബം സമൂഹത്തിന്റെ മൂലക്കല്ലാണ്. ശക്തമായ ഒരു കുടുംബം സ്നേഹവും പിന്തുണയും മാർഗനിർദേശവും നൽകുന്നു, വ്യക്തികളെ സമൂഹത്തിലെ ഉത്തരവാദിത്തമുള്ളതും അനുകമ്പയുള്ളതുമായ അംഗങ്ങളായി രൂപപ്പെടുത്തുന്നു. ജീവിതത്തെ വിലമതിക്കുന്ന ഒരു സമൂഹം കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നു, അതേസമയം ഗർഭഛിദ്രം പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരം അവരെ ദുർബലപ്പെടുത്തുന്നു. ശക്തമായ ഒരു കുടുംബം കെട്ടിപ്പടുക്കുന്നതിനുള്ള ചില വഴികളിൽ ഇവ ഉൾപ്പെടുന്നു:

പുതിയ ജീവിതത്തെ സ്വാഗതം ചെയ്യുക - 'ഓരോ കുടുംബത്തിലും ഒരു കുട്ടി കൂടി'-ഓരോ കുട്ടിയും ഒരു അനുഗ്രഹമാണ്.ഈ ദർശനം എല്ലാ കുടുംബങ്ങൾക്കും വേണം. കുട്ടികളെ ഒരു ഭാരമായി കാണുന്നതിനു പകരം, ഒരു കുട്ടിയെ കൂടി അവരുടെ വീട്ടിലേക്ക് സ്വാഗതം ചെയ്യാൻ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണം. ജീവനെ സ്വീകരിക്കുന്ന ഒരു സംസ്കാരം കൂടുതൽ ശക്തവും പ്രതീക്ഷയുള്ളതുമായ ഒരു ഭാവി സൃഷ്ടിക്കും.

ഒരുമിച്ച് ഗുണനിലവാരമുള്ള സമയം ചെലവഴിക്കുക-പങ്കിട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് സ്നേഹവും ധാരണയും വളർത്തുന്നു.

ഫലപ്രദമായ ആശയവിനിമയം-തുറന്നതും സത്യസന്ധവുമായ ചർച്ചകൾ സംഘർഷങ്ങൾ പരിഹരിക്കാനും വിശ്വാസം ശക്തിപ്പെടുത്താനും സഹായിക്കുന്നു.

വിശ്വാസവും പ്രാർത്ഥനയും - ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ ഒരുമിച്ച്





നിലനിൽക്കും. പങ്കിട്ട ആത്മീയ ജീവിതം ഐക്യത്തിന്റെയും ലക്ഷ്യബോധത്തിന്റെയും ഒരു ബോധം നൽകുന്നു. പരസ്പര പിന്തുണ-പ്രയാസകരമായ സമയങ്ങളിൽ പരസ്പരം പ്രോത്സാഹിപ്പിക്കുന്നത് പ്രതിരോധശേഷി വളർത്തുകയും ബന്ധങ്ങളെ ആഴത്തിലാക്കുകയും ചെയ്യുന്നു. ആവശ്യമുള്ള കുടുംബങ്ങൾക്കുള്ള പിന്തുണ-ശിശുപരിപാലന പിന്തുണ, ജോലി-ജീവിത സന്തുലിത നയങ്ങൾ, ആവശ്യമുള്ളപ്പോൾ സാമ്പത്തിക സഹായം എന്നിവയുൾപ്പെടെ കുടുംബങ്ങൾക്ക് സഭാ സമൂഹം പ്രായോഗിക സഹായം നൽകണം.

**3. ഗർഭധാരണത്തെയും രക്ഷാകർതൃത്വത്തെയും പിന്തുണയ്ക്കുന്നു**

ജീവിതം തിരഞ്ഞെടുക്കുന്നതിനുള്ള ഏറ്റവും വലിയ തടസ്സങ്ങളിലൊന്ന് ഭയമാണ്-സാമ്പത്തിക ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള ഭയം, പിന്തുണയുടെ അഭാവം, ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം. ജീവിതത്തിന്റെ ഒരു സംസ്കാരം കെട്ടിപ്പടുക്കുന്നതിന്, ഓരോ അമ്മയ്ക്കും കുടുംബത്തിനും ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്ന് നാം ഉറപ്പാക്കണം.

ഗർഭകാല ചെലവുകൾ ഒരു ഭാരമാകരുത്-സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ഗർഭഛിദ്രം തിരഞ്ഞെടുക്കാൻ ഒരിക്കലും സമ്മർദ്ദം അനുഭവപ്പെടാതിരിക്കാൻ ഗർഭിണികൾക്ക് സാമ്പത്തികവും വൈദ്യസഹായവും ലഭിക്കണം. ഗർഭിണികൾക്ക് വൈദ്യസഹായം, പ്രസവത്തിനു മുമ്പുള്ള വിറ്റാമിനുകൾ, അവശ്യ വിഭവങ്ങൾ എന്നിവ നൽകാൻ ഇടവകൾ,സാമൂഹ്യ സേവന പ്രസ്ഥാനങ്ങൾ,സർക്കാരുകൾ എന്നിവ ഒരുമിച്ച് പ്രവർത്തിക്കണം.

കുട്ടികളുടെ ആവശ്യങ്ങൾക്ക് പിന്തുണ നൽകുക-ഓരോ കുട്ടിക്കും സ്നേഹമുള്ള ഒരു വീട്, വിദ്യാഭ്യാസം, പോഷകാഹാരം, സന്തുഷ്ടനും ആരോഗ്യവാനുമായ ഒരു മുതിർന്ന വ്യക്തിയായി വളരാനുള്ള അവസരങ്ങൾ എന്നിവ അർഹിക്കുന്നു. കുടുംബ പിന്തുണാപരിപാടികൾ ശക്തിപ്പെടുത്തുന്നതിലൂടെയും മാതാപിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് ആവശ്യമായ കാര്യങ്ങൾ നൽകാൻ സഹായിക്കുന്ന നയങ്ങൾ സൃഷ്ടിച്ചുകൊണ്ട് സമൂഹം കുട്ടികളുടെ ക്ഷേമത്തിൽ നിക്ഷേപം നടത്തണം.ഓരോ കുഞ്ഞ് ജനിക്കുമ്പോഴും ആ

www.malankaralibrary.com


കുഞ്ഞിന്റെ പേരിൽ സർക്കാർ നിശ്ചിത തുക നിക്ഷേപം നടത്തണം. പെൺ കുഞ്ഞുങ്ങൾ ആണെങ്കിൽ കൂടുതൽ തുക നൽകി പ്രോത്സാഹനം നൽകണം. കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും നീക്കിവെച്ചാൽ നന്നായി. കുഞ്ഞുങ്ങളെ സ്വീകരിക്കുന്ന കുടുംബത്തിനും ഉചിതമായ പ്രോത്സാഹനം സമ്മാനം നൽകണം. വിവാഹം വേണ്ട, കുഞ്ഞുങ്ങൾ വേണ്ട എന്നൊക്കെയുള്ള യുവ തലമുറയുടെ മനോഭാവത്തിന് മാറ്റം വരേണ്ടത് സമൂഹത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്.

ജീവിതത്തിന് അനുകൂലമായ ഒരു സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുക-ജോലിസ്ഥലങ്ങൾ കുടുംബ സൗഹൃദമായിരിക്കണം, പ്രസവാവധി, പിതൃത്വ അവധി, വഴക്കമുള്ള ജോലി സമയം, വളരുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ എന്നിവ വാഗ്ദാനം ചെയ്യണം. കുടുംബങ്ങളെ പിന്തുണയ്ക്കുന്ന ഒരു രാഷ്ട്രം അഭിവൃദ്ധിപ്പെടുമെന്ന് ഭരണാധികാരികൾ മനസ്സിലാക്കണം.

**4. പ്രതീക്ഷയുടെ ശക്തി**

ജീവിതത്തിലെ വെല്ലുവിളികളെ മറികടക്കാൻ വ്യക്തികളെയും കുടുംബങ്ങളെയും സഹായിക്കുന്ന പ്രേരകശക്തിയാണ് പ്രത്യാശ. എന്നിരുന്നാലും, ബുദ്ധിമുട്ടുകൾക്കുള്ള പരിഹാരമായി ഗർഭച്ഛിദ്രം അവതരിപ്പിക്കപ്പെടുന്ന ഒരു ലോകത്ത്, പലരും പ്രതീക്ഷ നഷ്ടപ്പെടുകയും ജീവിതത്തിന് പകരം നിരാശ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. യഥാർത്ഥ പ്രത്യാശ ജീവിതത്തെ സ്വീകരിക്കുകയും തടസ്സങ്ങളെ മറികടക്കാനുള്ള വഴികൾ കണ്ടെത്തുകയും ചെയ്യുന്നതാണ്. ഉദരത്തിലെ കുഞ്ഞിനെ കൊല്ലുവാൻ തയ്യാറാക്കുന്ന കുടുംബത്തിന് പ്രത്യാശയുള്ള ജീവിതം നയിക്കുവാൻ സാധിക്കുകയില്ല. പ്രത്യാശ വളർത്തിയെടുക്കാൻ:

ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കുക-ഓരോ ജീവിതത്തിനും ഒരു ലക്ഷ്യമുണ്ട്. ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു കുട്ടിയും ആവശ്യമില്ലാത്തവനല്ല. സാഹചര്യം അസാധ്യമാണെന്ന് തോന്നുമ്പോഴും അവൻ ഒരു വഴി നൽകുന്നു. 'ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്.' (വി. യോഹന്നാൻ 10:10). മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുൻപേ ഞാൻ നിന്നെ അറിഞ്ഞു, ജനിക്കുന്നതിന് മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു. (ജറമിയാ. 1:5) ഈ തിരുവചനങ്ങൾ നമുക്ക് ശക്തിയും കൃപയും നൽകും.

പ്രതിസന്ധിയിലായ അമ്മമാരെ പിന്തുണയ്ക്കുക-ഗർഭച്ഛിദ്രം പ്രോത്സാഹിപ്പിക്കുന്നതിനുപകരം, ഗർഭധാരണങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് സ്നേഹം, പ്രായോഗിക സഹായം, പ്രോത്സാഹനം എന്നിവ നൽകി സമൂഹം അവരുടെ കൂടെ നിൽക്കണം. വ്യക്തികളും, കുടുംബങ്ങളും, പ്രസ്ഥാനങ്ങളും ഇടവകയും വിവിധ തരത്തിൽ സഹായവും പ്രോത്സാഹനവും നൽകി ജീവനെ സ്നേഹിക്കണം, ആദരിക്കണം, സംരക്ഷിക്കണം.

ലക്ഷ്യങ്ങളിലേക്ക് ചെറിയ ചുവടുകൾ വയ്ക്കുക-ദുഷ്കരമായ സമയങ്ങളിൽ പോലും, ചെറുതും സ്ഥിരവുമായ ശ്രമങ്ങളിലൂടെ മുന്നോട്ട് പോകുന്നത് പ്രതീക്ഷയെ സജീവമാക്കുന്നു. പ്രയാസകരമായ സാഹചര്യങ്ങളിൽ പോലും ജീവിതം തിരഞ്ഞെടുക്കുന്നത് അപ്രതീക്ഷിത അനുഗ്രഹങ്ങളിലേക്കുള്ള വാതിൽ തുറക്കുന്നു.കുഞ്ഞുങ്ങളെ സ്വീകരിക്കുന്നതും, കുഞ്ഞുങ്ങളെ സ്വീകരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതും ജീവന്റെ സംസ്കാരത്തിന്റെ ഭാഗമായി കാണണം.

ജീവിത സംസ്കാരം പ്രോത്സാഹിപ്പിക്കുക-ജീവിതത്തിന്റെ സൗന്ദര്യത്തെയും അന്തസ്സിനെയും കുറിച്ച് മറ്റുള്ളവരെ ബോധവൽക്കരിക്കുന്നത്




പ്രസ്ഥാനങ്ങളുടെയും ഇടവകളുടെയും പ്രധാന ലക്ഷ്യമായി മാറണം.ഗർഭഛിദ്രം അചിന്തനീയവും, അത് വലിയ കുറ്റവും പാപവുമായി ശക്തമായി പഠിപ്പിക്കണം. കുട്ടികളെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നതുമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ സഹായിക്കുന്ന ബോധവൽക്കരണം ആവശ്യമാണ്. 'സുരക്ഷിത ജീവിതം, ശക്തമായ കുടുംബം, പ്രത്യാശ നിറഞ്ഞ ഹൃദയം'– ഈ ചിന്ത നമ്മുടെ മനസ്സിൽ നിറയട്ടെ. ജീവന്റെ മഹോത്സവം എല്ലാ ഇടവകളിലും രൂപതകളിലും ആചരിക്കുവാൻ പ്രൊ ലൈഫ് ദിനാചരണം സഹായകരമാകട്ടെ. കെസിബിസി പ്രൊ ലൈഫ് സമിതിയുടെ നേതൃത്വത്തിൽ പ്രത്യാശയുടെ ഈ വർഷം പ്രൊ ലൈഫ് ശുശ്രുഷകൾ വളരെ നന്നായി നടക്കുന്ന പാലാ രൂപതയിലാണ് നടക്കുന്നത്. അതിന്റെ ഒരുക്കങ്ങൾ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെയും കെസിബിസി ഫാമിലി, പ്രൊ ലൈഫ് ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി പിതാവിന്റെയും, കെസിബിസി പ്രൊ ലൈഫ് സമിതി, പാലാ രൂപതയിലെ കുടുംബപ്രേക്ഷിത വിഭാഗം, പ്രൊ ലൈഫ് സമിതി എന്നിവയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ജീവന്റെ മഹോത്സവം വലിയ വിജയവും അനുഗ്രഹംനിറഞ്ഞതുമാകുവാൻ പ്രാർത്ഥനയും പിന്തുണയും പങ്കാളിതവും അഭ്യർത്ഥിക്കുന്നു.



www.malankaralibrary.com


**ചെറുകഥ**



# പട്ടംകൊട



**ഡോ. സ്നേഹ ജോർജ് പച്ചയിൽ**

*"അവൻ ഒറ്റുകൊടുക്കപ്പെട്ട ആ രാത്രിയിൽ തന്റെ നിഷ്കളങ്കമായ തൃകൈകളിൽ അപ്പമെടുത്ത് സ്വർഗ്ഗത്തിലേക്കുയർത്തി പിതാവായ ദൈവമേ അങ്ങയെ കാണിച്ച് സ്തോത്രം ചെയ്തു..."*

കുർബാന സ്ഥാപന വചനങ്ങൾ ഉച്ചത്തിൽ ഉച്ചരിച്ച് ഏബിൾ അച്ചൻ അപ്പം എടുത്ത് സ്വർഗ്ഗത്തിലേക്കുയർത്തി. അച്ചന്റെ തൊണ്ടയിടറുന്നത് മൈക്കിൽക്കൂടി കേൾക്കാമായിരുന്നു. പട്ടംകൊട കഴിഞ്ഞ കൊച്ചച്ചൻ പുത്തൻകുർബാന ചൊല്ലുന്നതിന്റെ സൂക്ഷ്മത നാടെങ്ങും നിറഞ്ഞുകേൾക്കുന്ന ആ ശബ്ദത്തിൽ പ്രകടമായിരുന്നു. ആർച്ചു ബിഷപ്പ് പിതാവിന്റെ സാന്നിധ്യത്തിലാണ് ആദ്യത്തെ കുർബാനയർപ്പണം. 'ആദ്യകുർബ്ബാന അർപ്പിക്കുന്ന അതേ സൂക്ഷ്മതയോടെയും ഭക്തിയോടും കൂടി ആവണം ജീവിതത്തിലെ അവസാനത്തെ കുർബാന വരെയും അർപ്പിക്കാൻ' എന്ന പിതാവിന്റെ ഉപദേശം അച്ചന്റെ ഹൃദയത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ടാവും.

മനു പള്ളിയുടെ പുറകിലായി ഇരിക്കുകയാണ്. അവിടെയിരുന്നാൽ പള്ളിയുടെ അകവും കാണാം, പുറത്ത് പന്തലിലെ വലിയ സ്ക്രീനും കാണാം. ഏബിൾ അച്ചന്റെ കണ്ണുകൾ കുർബാന മദ്ധ്യേ നിറഞ്ഞു ഒഴുകുന്നത് പന്തലിൽ വച്ചിരിക്കുന്ന വലിയ സ്ക്രീനിൽ കാണാമായിരുന്നു. കർത്താവിന്റെ ബലിപീഠത്തിൽ ഇറ്റിറ്റായി ആ കണ്ണുനീർ വീണുകൊണ്ടേയിരുന്നത് മനു ബ്രദർ കണ്ടു.

* * * * * *

ഏബിൾ ബ്രദർ. സെമിനാരിയിൽ മനുവിന്റെ ഒപ്പം പഠിച്ച സഹപാഠി. പഠനത്തിൽ പക്ഷെ താനായിരുന്നു മിടുക്കൻ എന്ന് മനു ഓർത്തു. ഏബിൾ വളരെ കഷ്ടപ്പെട്ടാണ് പാഠങ്ങൾ പഠിച്ചെടുത്തത്. "ശരാശരി" എന്നാണ് സഹപാഠികൾ അവനെ രഹസ്യമായി വിളിച്ചിരുന്നത്. പള്ളിയുടെ മൂലയിൽ ഇരുന്ന് മനു ഓർത്തു. ഏബിൾ കളികളിൽ മിടുക്കനായിരുന്നു. പ്രത്യേകിച്ചും ഫുട്ബോളിൽ. എന്നാൽ പ്രാർത്ഥനയിൽ ശരാശരി. ഇവനെങ്ങനെ ഒരു അച്ചനാകും എന്ന് ആദ്യകാലങ്ങളിൽ ഓർത്തിരുന്നു. ആ ഏബിൾ ആണ് ഇന്ന് കാസയും പീലാസയും ഉയർത്തി നാടും നാട്ടുകാരും കേൾക്കെ കുർബാന ചൊല്ലുന്നത്. തന്റെ ഉള്ളിൽ സന്തോഷമോ,

നീറ്റലോ അനുഭവപ്പെടുന്നത് മനു അറിഞ്ഞു. വീശിയടിച്ച കാറ്റിലൂടെ കുർബാനയിൽ പങ്കെടുക്കുകയാണെന്ന ഔചിത്യം നോക്കാതെ സെമിനാരി ഓർമ്മകൾ കടന്നുവന്നു.

* * * * *

സെമിനാരിയിൽ നിന്നും ആദ്യവർഷങ്ങളിൽ ടൂർ പോവുകയായിരുന്നു. റെക്ടർ അച്ചനാണ് മുൻ സീറ്റിൽ ഇരിക്കുന്നത്. സെമിനാരിക്കാരല്ലേ.. ടൂറിസ്റ്റ് ബസ്സിൽ അടിച്ചു പൊളിക്കുകയാണ്.

“താനാരോ തന്നാരോ തക
തന്നാരോ തന്നാരോ.
വല്യച്ചനാകട്ടെ, കൊച്ചച്ചനാകട്ടെ
ഇന്നാരു പറഞ്ഞാലും കേൾക്കുകില്ല.
പാട്ടുപാടുമ്പോൾ, തലകുത്തി മറിയുമ്പോൾ
ആബൂൻ ദ ബശ്മായോ ചൊല്ലലച്ചോ”.

ബസ്സിന്റെ ബോഡി തകർത്തു പാട്ട് പൊളിക്കുകയാണ്. റെക്ടർ അച്ചൻ ഇടയ്ക്കിടക്ക് ഒപ്പം കൂടുന്നുണ്ട്.

അങ്ങനെ വയനാട് ചുരം കയറുമ്പോൾ വണ്ടി നിന്നു. ഗൂഡല്ലൂർ, മൈസൂർ വഴി ഊട്ടിക്ക് ആണ് യാത്ര. ആക്സിൽന് എന്തോ തകരായി അത്രേ. ബസ്സ് ചുരത്തിന്റെ നടുക്കാണ്. തുള്ളിച്ചാടാതെ കസേരക്കമ്പിയിൽ പിടിച്ചിരുന്ന ശരാശരി ബ്രദറും പുറത്തിറങ്ങി. എന്തു ചെയ്യും? ബസ്സിന്റെ ആൾക്കാർ നോക്കിയിട്ടു രക്ഷയില്ല. ഇടതൂർന്ന മരങ്ങൾ നിറഞ്ഞ കാട്ടിനുള്ളിലെ കുരങ്ങുകൾ വെള്ളയുടുപ്പും, കറുത്ത പാന്റുമിട്ട സെമിനാരിക്കൂട്ടത്തെ കണ്ടു അവിടിവിടെയായി അടുത്തുകൂടി. റോഡരികിലെ കലുങ്ക് പോലെയുള്ള കെട്ടിന്മേൽ ഇരുന്ന് ശെമ്മാശന്മാർ കുരങ്ങുകൾക്ക് കപ്പലണ്ടിയും മറ്റും ഇട്ടുകൊടുത്തു.

‘‘ബസ്സിന്റെ ഗ്ലാസ്സുകൾ അടച്ചിട്ടേക്കണം. കുരങ്ങന്മാർ അകത്തു കയറി വല്ലതും എടുത്തുകൊണ്ടു പോകും’’ ബസ്സ് ഡ്രൈവറോടൊപ്പം ഉണ്ടായിരുന്ന ക്ലീനർ ചേട്ടൻ വിളിച്ചു പറഞ്ഞു. ക്ലീനർ ചേട്ടൻ എന്ന് അപ്പോൾ വിളിച്ചെങ്കിലും തിരിച്ചുള്ള യാത്രയിലാണ് അയാൾ ക്ലീനർ മാത്രമല്ല, ബസ്സിന്റെ കോ-ഡ്രൈവർ കൂടിയാണെന്ന് മനസ്സിലായത്.

റെക്ടർ അച്ചനോട് എന്തോ പറഞ്ഞിട്ട് ഏബിൾ ബ്രദർ അതുവഴി വന്ന ഒരു മോട്ടോർ സൈക്കിളിന്റെ പിന്നിൽ കയറി ഒരു പോക്ക്. ഞങ്ങളോട് ഇപ്പോൾ വരാം എന്ന് പറഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു പിക്കപ്പ് ജീപ്പിൽ രണ്ടുമൂന്നു പേരെയും കൂട്ടി ബ്രദർ വന്നു. കപ്പിയും കയറുമൊക്കെയായി വണ്ടി മെക്കാനിക്കുകളാണ്. ബ്രദർ അടുത്തു കണ്ട ഏതോ സ്ഥലത്തുനിന്നും തപ്പിക്കൊണ്ടുവന്നവരാണ്. മരക്കൊമ്പിൽ കപ്പി കെട്ടുന്നതിനും, കയർ വലിക്കുന്നതിനും അന്ന് ഏബിൾ ബ്രദറും ആ പണിക്കാരുടെ ഒപ്പം കൂടി ജാക്കിയും, ലിവറും, കപ്പിയും, കയറും എല്ലാം അന്ന് ഉപയോഗിക്കപ്പെട്ടു. കുറെ സമയം എടുത്തു. തൽക്കാലം വണ്ടി ഓടുന്ന പരുവത്തിലാക്കി. ബാക്കി പണിക്ക് വർക്ക് ഷോപ്പിൽ എത്തിക്കണം. ബസ്സ് വീണ്ടും ചുരം കയറുമ്പോഴേക്കും പാട്ടുകാരും, ഡാൻസുകാരും കുഴഞ്ഞു കഴിഞ്ഞിരുന്നു. എല്ലാവരും സീറ്റിൽ



www.malankaralibrary.com


പറ്റിപ്പിടിച്ചു ഇരുന്നു. ഞാൻ ബസ്സിന്റെ ഇട നാഴിയിലെ സീറ്റിൽ ഇരുന്ന് ഏബിൾ ബ്രദറിനെ നോക്കി ചിന്തിച്ചു. "ബ്രദർ ആള് കൊള്ളാമല്ലോ. വണ്ടി കയറിൽ വലിച്ചു പൊക്കാനും, പണി ക്കാരുടെ കൂടെ വണ്ടിയുടെ അടിയിൽ കയറി നോക്കാനുമുള്ള ജ്ഞാനം ഇവന് എവിടെനിന്ന്?"

ഈ സംഭവത്തോടെ ശരാശരി ബ്രദർ സെമിനാരിയിലെ സ്കിൽഫുൾ ജോലികൾക്ക് ആശ്രയിക്കപ്പെടുന്ന ശെമ്മാശനായി. ലൈറ്റും ഫാനും ശരിയാക്കുക, ഒരു സ്റ്റൂൾ കസേരക്ക് മുകളിലേക്കുള്ള ഉയരത്തിൽ വലിഞ്ഞു കയറി ചെയ്യേണ്ട പണികൾ ചെയ്യുക, ഗ്യാസ് കുറ്റിയുടെ ലീക്ക് ശരിയാക്കുക, പെയിന്റിംഗ്കാരുടെ കൂടെ കൂടുക ഇമ്മാതിരി പണികളിലൊക്കെ ഏബിൾ ബ്രദർ ടച്ച് ഒഴിച്ചുകൂടാൻ കഴിയാത്തതായി.

ഇങ്ങനെ കാലങ്ങൾ കഴിഞ്ഞുവരവെയാണ് അപ്രതീക്ഷിതമായി ഏബിൾ ബ്രദർ രോഗിയാ കുന്നത്. കൈകാലുകളുടെ പേശികൾക്ക് വേദന. അതായിരുന്നു തുടക്കം. മസിലുകളുടെ ബലം ക്രമേണ ക്ഷയിച്ചു പോകുന്ന ഏതോ അപൂർവ്വ രോഗമാണ് അത്രേ. കഴുത്തിനും, കൈകൾക്കും എല്ലാം വേദന എന്ന് ബ്രദർ പറയുമായിരുന്നു. വൈദികപഠനം പൂർത്തിയാക്കാനോ ജീവിത ത്തിൽ കൈകൾ ഉയർത്തി ഒരു കുർബാന ചൊല്ലാനാവുമോ എന്ന് ഉറപ്പില്ല. ചിലപ്പോൾ രോഗം വേഗത്തിൽ കൈകാലുകളെ കീഴടക്കാം. സെമി നാരിയിൽ നിന്നും ആശുപത്രിയിൽ പോക്ക് പതിവായി. ഒപ്പം ബ്രദർമാരിൽ ആരെങ്കിലും കൂട്ട് പോയി.

അവസാനം ഏബിൾ ബ്രദർ സെമിനാരിയിൽ നിന്നും പോയി. മാതാപിതാക്കൾക്കൊപ്പം. രോഗ ത്തിന് ചികിത്സ ചെയ്യണമത്രേ. ഹൃദയം കരയുന്ന കണ്ണീരോടെയാണ് ആ സഹോദരനെ സഹപാഠി കൾ യാത്രയാക്കുന്നത്. പതിനാലു വർഷം നീളുന്ന വൈദികപഠനം പൂർത്തിയാക്കി ഒരു പുരോഹിത നായി കർത്താവിന്റെ ബലിപീഠത്തിൽ ഒരു വിശുദ്ധ കുർബാന അർപ്പിക്കുക എന്ന ഒറ്റ സ്വപ്നവുമായി സെമിനാരിയുടെ പടികൾ കയറിയവരാണ് തങ്ങൾ. വൈദീക പട്ടം സ്വീകരിക്കൽ, പുത്തൻ കുർബ്ബാന. ഇതല്ലാതെ ഒരു സ്വപ്നവും സെമിനാരിക്കാരുടെ മനസ്സിൽ ഇല്ല.

ആ സ്വപ്നത്തിൽ നിന്ന് ഇടയ്ക്കിടെ ഓരോ ഇതളുകൾ അടർന്നു വീണുപോകും. അപ്പോൾ ഏറ്റവും വേദനിക്കുന്നത് ആ പൂവിൽ ഇനിയും കൊഴിഞ്ഞുപോകാതെ നിൽക്കുന്ന ഇതളു



കളാകും. ഒരാൾ സെമിനാരി ജീവിതം ഉപേക്ഷിച്ചു പോകുമ്പോൾ ഞങ്ങൾക്ക് ഉണ്ടാകുന്ന വേദന ആ രാത്രി കഴിയുമ്പോൾ മറന്ന് ഒന്നും സംഭവിച്ചിട്ടി ല്ലാത്തതുപോലെ അടുത്ത ദിവസം ബാക്കിയു ള്ളവർ യാത്ര തുടരും. യാമപ്രാർത്ഥനകളും, പഠനവും, കളികളുമായി സെമിനാരി ജീവിതം അങ്ങനെ മുന്നോട്ട് പോകും.

* * * * * *

ചികിത്സക്ക് പോയ ഏബിൾ ബ്രദർ തിരിച്ചു വന്നു. കുപ്പായമിട്ടു, മുമ്പേ തന്നെ സെമിനാരി ക്കാരെ ശെമ്മാശൻ എന്ന് വിളിക്കുമായിരു ന്നെകിലും ഇപ്പോൾ അസ്സൽ ശെമ്മാശനായി. പക്ഷെ അപ്പോഴേക്കും മനു ബ്രദർ സെമിനാരി വിട്ടു പോന്നു. മനോജ് വർഗീസ് എന്നാണ് ശരിയായ പേര്. സെമിനാരി ജീവിതം ഉപേക്ഷിച്ചു എങ്കിലും ഇന്നും മനു ബ്രദർ എന്ന് തന്നെയാണ് പലരും വിളിക്കാറ്.

"തന്നെ പറഞ്ഞു വിട്ടതാണോ?" അയാൾ സ്വയം ചോദിച്ചു.

"ഏയ് അല്ല. ഉപേക്ഷിച്ചു പോന്നതാണ്."

"എന്തിന്?"

"ഒന്നുമില്ല. അപ്പോൾ അങ്ങനെ തോന്നി."

റെക്ടർ അച്ചന്റേയും സഹവൈദീക വിദ്യാർത്ഥി കളുടെയും ദുഃഖം അന്ന് അയാൾ കണ്ടില്ല എന്ന് നടിച്ചു. അച്ചനായുള്ള ജീവിതം വേണ്ട എന്ന് തോന്നി തുടങ്ങിയ കാലത്ത് സെമിനാരി വിട്ടു ഇറങ്ങിപ്പോരാൻ ഉപബോധമനസ്സ് ഒരു കാരണം ഉണ്ടാക്കിയത്. അതാണ് റെക്ടർ അച്ചനുമായി ഒരു വഴക്ക്. അത് അനാവശ്യമായി എന്ന് ഇപ്പോൾ മനുവിന് തോന്നി. വീട്ടിൽ ചെന്ന് വെറുതെ തിണ്ണക്ക് പത്രവും വായിച്ചു എന്തെങ്കിലും ഒരു ബിസിനസ്സ്

www.malankaralibrary.com





തുടങ്ങുന്നതിനെപ്പറ്റി ചിന്തിച്ചിരുന്ന മനുവിനെ നോക്കി മാതാപിതാക്കൾ നെടുവീർപ്പിട്ടു. ദൈവ വിളിക്ക് അഹന്ത പാടില്ലാ എന്ന് 'അമ്മ പറഞ്ഞു. വികാരിയച്ചൻ വീട്ടിൽ വന്ന് ഉപദേശിച്ചു. തിരികെ സെമിനാരിയിൽ ചെന്ന് പഠനം പൂർത്തിയാക്കി ഒരു പുരോഹിതനായി വരാൻ നിർബന്ധിച്ചു. വകയിൽ ഒരു ബന്ധത്തിൽപ്പെട്ട അച്ചന്റെ ആഗ്രഹമായി രുന്നു, അച്ചന്റെ കാലം കഴിയുന്നതിനു മുമ്പ് കുടുംബത്തിൽ ഒരു പുതു തലമുറ വൈദികൻ ഉണ്ടാകണമെന്നത്. അന്ന് അതൊന്നും ചെവി യിൽ വീണില്ല. നാട്ടിൽനിന്നും എങ്ങോട്ടെങ്കിലും മാറി ഒരു ബിസിനസ്സ് തുടങ്ങുന്നതിനെപ്പറ്റിയായി ചിന്ത.

* * * * *

വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള സമയമായി. കുർബാന സ്വീകരിക്കാൻ സ്ത്രീ പുരുഷന്മാരുടെ നീണ്ട നിരയാണ്. "എഴുന്ന ള്ളുന്നു രാജാവെഴുന്നള്ളുന്നു" എന്ന ഗാനം ഗായക സംഘം മനോഹരമായി ആലപിക്കുന്നു.

കുർബാന സ്വീകരിക്കാണോ? കുമ്പസാരി ച്ചിട്ടില്ല. മാസങ്ങളായി. എങ്കിലും കൂട്ടുകാരന്റെ കൈകളിൽ നിന്നും വിശുദ്ധ കുർബാന സ്വീകരിക്കണം എന്ന ഉൾവിളി ശക്തമായി. "ഈശോയെ നിന്നെ സ്വീകരിക്കാൻ എനിക്ക് യോഗ്യതയില്ല. എങ്കിലും എന്റെ സഹോദരൻ അർപ്പിച്ച ആദ്യകുർബാനയുടെ യോഗ്യതയാൽ എന്നെ നീ സ്വീകരിക്കേണമേ" എന്ന് ഹൃദയ ത്തിൽ പ്രാർത്ഥിച്ചുകൊണ്ട് അവസാനിക്കാൻ പോകുന്ന നിരയുടെ ഇടയിൽ കയറി അയാൾ മുന്നോട്ടു നടന്നു.

മദ്ബഹായോട് അടുത്തപ്പോൾ പറഞ്ഞറി യിക്കാൻ ആവാത്ത പരിമളം. ദിവ്യമായ പ്രഭ ആ വിശുദ്ധ സ്ഥലത്ത് നിറഞ്ഞു നിന്നു. താൻ അന്നുവരെ കണ്ട ഏബിൾ ബ്രദർ അല്ല ക്രിസ്തു വിന്റെ കാപ്പയിട്ട പുരോഹിതൻ. പുസ്തകത്തിൽ പഠിച്ച സ്വർഗ്ഗത്തിന്റെ രഹസ്യം മനു ബ്രദർ കാണുകയായിരുന്നു. ദിവ്യകാരുണ്യം നാവിൽ അലിയുമ്പോൾ അയാൾ പള്ളിയുടെ ഏറ്റവും പുറകിൽ ആരും കാണാതെ മുട്ടുകുത്തി കരഞ്ഞു. കണ്ണുനീർ ചാലുകൾ തടയാൻ കഴിയാത്ത പ്രവാഹമായി ഒഴുകി.

വിശുദ്ധ കുർബാനക്കുശേഷം ഏബിൾ അച്ചൻ നന്ദി പറഞ്ഞു പ്രസംഗിച്ചു. ദൈവത്തിനും, ബലിപീഠ ത്തിലേക്ക് തന്നെ കൈപിടിച്ച് നടത്തിയ മാതാ പിതാക്കൾക്കും, ഗുരുക്കന്മാർക്കും, പിതാക്ക ന്മാർക്കും, അച്ചൻമാർക്കും, സിസ്റ്റേഴ്സിനും നന്ദി.. "ഞാൻ ഈ ദിവസത്തിനായി ആണ് കാത്തിരുന്നത്. ഈ ദിനം എത്തുന്നതിനു മുമ്പേ, അവിടുത്തെ തിരുശരീരവും തിരുരക്തവും ഒരിക്കലെങ്കിലും കൈകളിൽ ഉയർത്തുന്നതിനു മുമ്പ് ഞാൻ വീണുപോകുമോ എന്ന് സന്ദേഹിച്ചു. എന്നെ കൈകളിൽ താങ്ങി ഉയർത്തി നിർത്തിയ കരങ്ങൾ ബലമുള്ളവ എന്ന് ഞാൻ തിരിച്ചറിയുന്നു".

കണ്ണീർമഴ പെയ്തൊഴിഞ്ഞിട്ടില്ല. മങ്ങിയ കാഴ്ചയോടെ മനു ഏബിൾ അച്ചന്റെ പ്രസംഗം കേൾക്കുകയായിരുന്നു. "ഞാൻ എഴുന്നേൽ ക്കാനാവാതെ സെമിനാരിയിൽ ഒരു വേള കിടന്ന നാളുകളിൽ എനിക്ക് ബലം നൽകിയ കൂട്ടുകാരൻ ഇവിടെയുണ്ട്. മനു ബ്രദർ. മനസ്സുകൊണ്ട് തകർന്ന നാളുകളിൽ ആരോഗ്യം വീണ്ടെടുത്ത് തിരികെ വന്ന് പഠനം പൂർത്തിയാക്കി വൈദീകനാകണം എന്ന് പറഞ്ഞു എന്നെ ശക്തിപ്പെടുത്തിയ മനുവിന് ഈ ദിവസം ഞാൻ സമർപ്പിക്കുന്നു. കാരണം ബ്രദർ നൽകിയ ഊർജമാണ് എന്നെ പഠനം പൂർത്തിയാക്കു വാനായി പ്രചോദിപ്പിച്ചത്.." അപ്രതീക്ഷിത മായിരുന്നു ആ വാക്കുകൾ.

* * * * *

നവവൈദികന്റെ കൈമുത്തുമ്പോൾ ആ കൈകളിൽ നിന്നുയർന്ന പരിമളം മനുവിനെ വലയം ചെയ്തു. കുരിശ് ചുമക്കുന്നതിന് ക്രിസ്തു വിനെ സഹായിച്ച കൗറീൻകാരനായ ശെമയോന്റെ ദൈവവിളിയാണ് അപ്പോൾ അയാളുടെ മനസ്സിൽ വന്നത്.



2025 ഫെബ്രുവരി 13ന് അഭിഷിക്തരായ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ നവ വൈദികർ
അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയോടും അഭിവന്ദ്യരായ മറ്റു പിതാക്കൻമാരോടുമൊപ്പം

www.malankaralibrary.com

www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 28-2-2025

Christavakahalam Monthly, FEBRUARY - MARCH 2025
Annual Subscription Rs. 150/-
Single Copy Rs. 15/-

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

# ക്രൈസ്തവ കാഹളം




വായിക്കുക ◆ പ്രചരിപ്പിക്കുക ◆ വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com